# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി 10) 1949/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/03/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി 10) 1949/21 തീയ്യതി: 03/03/2022

# എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷാജിമോൻ.കെ.എ | ഡെപ്യൂട്ടി ഡയറക്ടർ | 22-12-2021 | 29-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-12-2021 | 29-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പോളി.ടി.ഒ ,ഓഡിറ്റ് ഓഫീസർ
ശ്രീജ ഉണ്ണികൃഷ്ണൻ ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഗോപകുമാർ.എം.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ബബിത.ബി.കുമാർ , സീനിയർ ഗ്രേഡ് ഓഡിറ്റർ
മേഴ്സി.കെ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സോണി ചീക്കു | പ്രസിഡന്റ് | 01-04-2020 | 11-12-2020 |
| ശ്രീ രാജേഷ്.കെ.ജി | പ്രസിഡന്റ് | 29-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വി.ആർ.മല്ലിക | സെക്രട്ടറി | 01-04-2020 | 03-03-2021 |
| ശ്രീമതി ഗായത്രി.എം.വി,ജൂനിയർ സൂപ്രണ്ട് | സെക്രട്ടറി (ഇൻ ചാർജ് ) | 04-03-2021 | 31-03-2021 |
| ശ്രീ ഉമേഷ്.ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 12-03-2021 |
| ശ്രീമതി ഗായത്രി.എം.വി,ജൂനിയർ സൂപ്രണ്ട് | അസിസ്റ്റന്റ് സെക്രട്ടറി( ഇൻ ചാർജ്) | 13-03-2021 | 31-03-2021 |
| ശ്രീമതി പുഷ്യ രാജൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ജിനു ആനി ജോസ് | മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.സിജി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി വീണ | ICDS സൂപ്പർവൈസർ | 01-04-2020 | 01-11-2020 |
| ശ്രീമതി ഷഹന | ICDS സൂപ്പർവൈസർ | 02-11-2020 | 31-03-2021 |
| ശ്രീമതി ബീന | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ഡോ.ഷെറി മാത്തൻ | വെറ്ററിനറി സർജൻ | 01-04-2020 | 23-06-2020 |
| ഡോ.ദീപാ വി.പി. | വെറ്ററിനറി സർജൻ | 24-06-2020 | 23-12-2020 |
| ഡോ.ജിൻസ ജോർജ്ജ് | വെറ്ററിനറി സർജൻ | 24-12-2020 | 31-03-2021 |
| സാദ്ദിഖ് എ. | വി.ഇ.ഒ. | 01-04-2020 | 04-09-2020 |
| സ്മിത അന്ന തോമസ്സ് | വി.ഇ.ഒ. | 05-09-2020 | 03-11-2020 |
| റീന എം.ആർ. | വി.ഇ.ഒ. | 04-09-2020 | 31-03-2021 |
| ജിനി പി. വർഗ്ഗീസ് | ഫിഷറീസ് ഇൻസ് പെക്ടർ | 01-04-2020 | 05-11-2020 |
| സ്മിത | ഫിഷറീസ് ഇൻസ് പെക്ടർ | 06-11-2020 | 31-03-2021 |
| ശ്രീമതി റേച്ചൽ ബെഞ്ചമിൻ | അസിസ്റ്റന്റ് എൻജിനിയർ | 01-04-2020 | 25-06-2020 |

| | | | |
|---|---|---|---|
| ഫെമിന പി.വൈ. | അസിസ്റ്റന്റ് എൻജിനിയർ | 26-06-2020 | 31-03-2021 |

12.12.20 മുതൽ 28.12.20 വരെ അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റിയാണ് ഭരണം നിർവഹിച്ചിരുന്നത്.

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: M.S.Gopakumar (Asst. Audit Officer, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 11-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപ്പത്രിക<br>Written By: M.S.Gopakumar (Asst. Audit Officer, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 11-02-2022) | 1-2 |
| 3 | വാർഷിക ധനകാര്യപ്പത്രികയിലെ അപാകതകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 11-02-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: M.S.Gopakumar (Asst. Audit Officer, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 11-02-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: M.S.Gopakumar (Asst. Audit Officer, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: M.S.Gopakumar (Asst. Audit Officer, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 11-02-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: M.S.Gopakumar (Asst. Audit Officer, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 11-02-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 11-02-2022) | 1-10 |
| 12 | വസ്തുനികുതി നിർണ്ണയം- അപാകതകൾ<br>Written By: Mercy KP (Auditor, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 11-02-2022) | 1-11 |
| 13 | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: T.O.Polly (Audit Officer, On 02-01-2022)<br>Last Updated By: Raj N.C (Computer Assistant, On 11-02-2022) | 1-12 |
| 14 | 2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ പ്രകാരം നികുതി പുനർനിർണ്ണയിക്കപ്പെടാത്ത കെട്ടിടങ്ങൾ<br>Written By: Mercy KP (Auditor, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 11-02-2022) | 1-13 |
| 15 | റദ്ദ് ചെയ്യപ്പെട്ട സാംഖ്യ രസീതുകൾ പ്രകാരം വസ്തുനികുതി അടവാക്കിയിരിക്കുന്നു.<br>Written By: Mercy KP (Auditor, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-14 |
| 16 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല.<br>Written By: Mercy KP (Auditor, On 29-12-2021) | 1-15 |

| | | |
|---|---|---|
| | Last Updated By: Raj N.C (Computer Assistant, On 03-03-2022) | |
| 17 | അനധികൃതമായി പ്രവർത്തിക്കുന്നത് - ഇടശ്ശേരി റിസോർട്ട്<br>Written By: T.O.Polly (Audit Officer, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 11-02-2022) | 1-16 |
| 18 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Mercy KP (Auditor, On 31-12-2021)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-17 |
| 19 | ലൈസൻസ് - ഭേദഗതി ചട്ടങ്ങൾ പാലിക്കുന്നില്ല<br>Written By: T.O.Polly (Audit Officer, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-18 |
| 20 | വാടക ഈടാക്കാത്തത് സംബന്ധിച്ച് -<br>Written By: T.O.Polly (Audit Officer, On 02-01-2022)<br>Last Updated By: Raj N.C (Computer Assistant, On 11-02-2022) | 1-19 |
| 21 | ദുരിതാശ്വാസ നിധി<br>Written By: Babitha B Kumar (Senior Grade Auditor, On 27-12-2021)<br>Last Updated By: Raj N.C (Computer Assistant, On 11-02-2022) | 1-20 |
| 22 | വെട്ടിയ മരങ്ങൾ ലേലം ചെയ്തില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 31-12-2021)<br>Last Updated By: Raj N.C (Computer Assistant, On 11-02-2022) | 1-21 |
| 23 | ഡെപ്പോസിറ്റ് റീഫണ്ട് - വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 31-12-2021)<br>Last Updated By: Raj N.C (Computer Assistant, On 11-02-2022) | 1-22 |
| 24 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - അപാകതകൾ<br>Written By: Mercy KP (Auditor, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 11-02-2022) | 1-23 |
| 25 | മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭിച്ചില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 14-02-2022) | 1-24 |
| 26 | ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-25 |
| 27 | സ്ട്രീറ്റ് ടാപ്പുകളുടെ സംയുക്തപരിശോധന – വിവരങ്ങൾ ഹാജരാക്കിയില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 31-12-2021)<br>Last Updated By: Raj N.C (Computer Assistant, On 14-02-2022) | 1-26 |
| 28 | മാലിന്യനിർമ്മാർജ്ജനം – കാര്യക്ഷമത ഉറപ്പുവരുത്തണം<br>Written By: Babitha B Kumar (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-27 |
| 29 | കുടിവെള്ളവിതരണം -സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 31-12-2021)<br>Last Updated By: Raj N.C (Computer Assistant, On 14-02-2022) | 1-28 |
| 30 | ലൈഫ് പദ്ധതി-ഭൂമി വാങ്ങുന്നതിന് ധനസഹായം-ഭവന നിർമ്മാണം ആരംഭിച്ച വിവരം ലഭ്യമല്ല.<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 01-01-2022)<br>Last Updated By: Raj N.C (Computer Assistant, On 14-02-2022) | 1-29 |
| 31 | ലൈഫ് ഫേസ്-2-ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 01-01-2022)<br>Last Updated By: Raj N.C (Computer Assistant, On 14-02-2022) | 1-30 |
| 32 | തൊഴിലുറപ്പ് പദ്ധതി -മെറ്റീരിയൽ വർക്കിന്റെ ബില്ലിൽ നിന്നും GST ഈടാക്കിയില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 31-12-2021)<br>Last Updated By: Raj N.C (Computer Assistant, On 14-02-2022) | 1-31 |
| 33 | പഴയ കമ്മ്യൂണിറ്റി ഹാൾ പൊളിച്ച് നീക്കൽ - പ്രവൃത്തി പൂർത്തിയാക്കിയില്ല.<br>Written By: T.O.Polly (Audit Officer, On 02-01-2022)<br>Last Updated By: Raj N.C (Computer Assistant, On 14-02-2022) | 1-32 |
| 34 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ അപാകത<br>Written By: T.O.Polly (Audit Officer, On 02-01-2022) | 1-33 |

| | | |
|---|---|---|
| | Last Updated By: Raj N.C (Computer Assistant, On 03-03-2022) | |
| 35 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - നിക്ഷേപിച്ച തുക തടസ്സപ്പെട്ടുന്നു.<br>Written By: M.S.Gopakumar (Asst. Audit Officer, On 02-01-2022)<br>Last Updated By: Raj N.C (Computer Assistant, On 14-02-2022) | 1-34 |
| 36 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer, On 02-01-2022)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-35 |
| 37 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 03-01-2022)<br>Last Updated By: Raj N.C (Computer Assistant, On 14-02-2022) | 1-36 |
| 38 | കൃഷി ഓഫീസറുടെ പ്രൊജക്ടുകൾ-നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 03-01-2022)<br>Last Updated By: Raj N.C (Computer Assistant, On 14-02-2022) | 1-37 |
| 39 | വി.ഇ.ഒ.യുടെ പ്രൊജക്ടുകൾ - പൊതു അപാകതകൾ<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 03-01-2022)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-38 |
| 40 | കുടുംബശ്രീ യൂണിറ്റുകൾക്ക് തുണി സഞ്ചി നിർമ്മാണയൂണിറ്റുകൾ - പ്രൊജക്ട് ലക്ഷ്യം കണ്ടില്ല.<br>Written By: M.S.Gopakumar (Asst. Audit Officer, On 03-01-2022)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-39 |
| 41 | ആസ്തി രജിസ്റ്റർ കാലികമാക്കൽ - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 04-01-2022)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-40 |
| 42 | ഹരിത കർമ്മ സേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 04-01-2022)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 1-41 |
| 43 | പദ്ധതി നിർവ്വഹണം - ചെലവു രേഖകൾ ഹാജരാക്കിയില്ല- മോണിറ്ററിംഗ് ഫലപ്രദമല്ല.<br>Written By: M.S.Gopakumar (Asst. Audit Officer, On 04-01-2022)<br>Last Updated By: Raj N.C (Computer Assistant, On 14-02-2022) | 1-42 |
| | ഭാഗം **2** | |
| 1 | റദ്ദ് ചെയ്യപ്പെട്ട രസീതുകൾ പ്രകാരം വസ്തുനികുതി അടവാക്കിതായി രേഖപ്പെടുത്തിയിരിക്കുന്നു.<br>Written By: Mercy KP (Auditor, On 03-01-2022)<br>Last Updated By: Raj N.C (Computer Assistant, On 14-02-2022) | 2-1 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം<br>Written By: Babitha B Kumar (Senior Grade Auditor, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 14-02-2022) | 4-1 |
| 2 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Babitha B Kumar (Senior Grade Auditor, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 10-02-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| | Written By: Babitha B Kumar (Senior Grade Auditor, On 27-12-2021)<br>Last Updated By: Raj N.C (Computer Assistant, On 14-02-2022) | |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Babitha B Kumar (Senior Grade Auditor, On 27-12-2021)<br>Last Updated By: Raj N.C (Computer Assistant, On 14-02-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Babitha B Kumar (Senior Grade Auditor, On 27-12-2021)<br>Last Updated By: Raj N.C (Computer Assistant, On 14-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Babitha B Kumar (Senior Grade Auditor, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 14-02-2022) | 4-7 |
| 8 | ചാർജ് – സർചാർജ് നടപടികളുടെ വിവരം<br>Written By: Babitha B Kumar (Senior Grade Auditor, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 14-02-2022) | 4-8 |
| 9 | സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Babitha B Kumar (Senior Grade Auditor, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 14-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer, On 02-01-2022)<br>Last Updated By: Raj N.C (Computer Assistant, On 03-03-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 14-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

സ്ഥാപനത്തിന്റെ 2020-2021 വർഷത്തെ ബജറ്റ് 25.03.2020-ാം തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1 (1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 18.02.2021-ാം -ാംതീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1 (1)നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

2020-2021 പുതുക്കിയ ബജറ്റ് പ്രകാരം

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 2,54,40,067 | 17,29,72,680 | 19,84,12,747 | 17,98,93,039 | 1,85,19,708 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, 2020– 2021 വാർഷിക ധനകാര്യപ്പത്രികയിലെ ഇൻകം & എക്സ് പെൻഡിച്ചർ പത്രിക പ്രകാരമുള്ള വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | 2020– 2021 പുതുക്കിയ ബജറ്റ് പ്രകാരം | 2020– 2021 വാർഷിക ധനകാര്യപത്രിക ( ഇൻകം & എക്സ് പെൻഡിച്ചർ) പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 17,29,72,680 | 15,98,92,948 | (-)1,30,79,732 |
| ചെലവ് | 17,98,93,039 | 14,35,80,566 | (-)3,63,12,473 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ വരവും തമ്മിൽ 1.30കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ ചെലവും തമ്മിൽ 3.63 കോടി രൂപയുടെയും വ്യത്യാസമുണ്ട്.

വിവിധ നികുതി- നികുതിയേതര വരവുകളിൽ ബജറ്റും, യഥാർത്ഥ വരവും തമ്മിൽ ഗണ്യമായ വ്യത്യാസം ഇല്ലെങ്കിലും, വായ്പായിനത്തിലും, സംസ്ഥാനാവിഷ്കൃതഗ്രാന്റിനത്തിലും പ്രതീക്ഷിത വരുമാനത്തിൽനിന്നും വളരെ കുറവാണ് യഥാർത്ഥവരവ് . ഇതുമൂലമാണ് ബജറ്റിലെ വരവ് കണക്കുകളുമായി യഥാർത്ഥ വരവിന് വലിയ വ്യത്യാസം വന്നിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും, യഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപ്പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 21.10.2021 |

വാർഷിക ധനകാര്യപ്പത്രിക സമയബന്ധിതമായി സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2-1 വാർഷിക ധനകാര്യപ്പത്രികയിലെ അപാകതകൾ

ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) കെ.എസ്.ഇ.ബി-യിൽ 2020-2021 സാമ്പത്തിക വർഷം പ്രോജക്ട് മുഖേന തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ആയത് വാർഷിക ധനകാര്യപത്രികയിലുൾപ്പെടുത്തിയിട്ടില്ല.

2) സചിത്ര സോഫ്റ്റ് വെയർ പ്രകാരമുള്ള ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ നവീകരണ ചെലവ് ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടില്ല.

3) അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയുടെ കൂടെ ഉള്ളടക്കം ചെയ്തിട്ടില്ല.

4) സഞ്ചയ പ്രകാരമുള്ള കെട്ടിട നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,52,89,012 |
| വരവ് | 9,29,46,516 |
| ആകെ | 12,82,35,528 |
| ചെലവ് | 10,43,88,044 |
| നീക്കിയിരിപ്പ് | 2,38,47,484 |
| ചെലവ് നഷ്ടം | ഇല്ല |
| വരവ് നഷ്ടം | 11,395 |

| | |
|---|---|
| തടസ്സപ്പെടുത്തിയ തുക | 1,03,39,554 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 21279604 | 21279604 | 11351976 | 0 | 9927628 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 5398667 | 5398667 | 2757120 | 0 | 2641547 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 132000 | 132000 | 89096 | 0 | 42904 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4720000 | 4720000 | 3947923 | 0 | 772077 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4550503 | 4550503 | 4550503 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 11964453 | 11964453 | 7849508 | 0 | 4114945 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 5020000 | 5020000 | 3393134 | 0 | 1626866 |
| കേന്ദ്രാവിഷ്കൃതഫണ്ട് - | | | | | | |
| എൻ.ആർ.ഇ.ജി.എസ് 320 100 101-Admin.Exp | 455 | 443992 | 444447 | 426038 | 18409 | |
| EFMS | 0 | 8424962 | 8424962 | 8424962 | 0 | |
| ICDS- 320 100 121 | 1189966 | 1257332 | 2447298 | 2026900 | 420398 | |
| BSUP-320 100 114 | 81344 | 2526 | 83870 | 0 | 83870 | |
| TSC- 320 100 115 | 0 | 340000 | 340000 | 238280 | 101720 | |
| Drinking Water Supply Scheme – 320 100 201 | 40000 | 0 | 40000 | 0 | 40000 | |
| Solid Waste Management – 320 100 203 | 430179 | 0 | 430179 | 0 | 430179 | |
| Jankeeya Bhavana Padhadhi- Central Share – 320 100 299 | 112299 | 3487 | 115786 | 0 | 115786 | |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | | | | | |
| 320 200 305 – പൈകാ ഗ്രാന്റ് | 50000 | 40000 | 90000 | 50000 | 40000 | |
| 320 200 307 – ബയോ ഡൈവേഴ്സിറ്റി ബോർഡ് ഫണ്ട് | 0 | 300000 | 300000 | 0 | 300000 | |
| 320 200 309 – സാക്ഷരതാ മിഷൻ ഫണ്ട് | 3305 | 103 | 3048 | 0 | 3408 | |
| 320 200 316 – പ്രാദേശിക വികസന ഫണ്ട്- എം.എൽ.എ | 40390 | 0 | 40390 | 0 | 40390 | |
| 320 200 319 – സ്വച്ഛ് ഭാരത് അഭിയാൻ - ഖര മാലിന്യ നിർമ്മാർജ്ജനം - സംസ്ഥാന വിഹിതം | 92057 | 0 | 92057 | 0 | 92057 | |
| 320 200 322 – ശുചിത്വ മിഷൻ ഫണ്ട് | 0 | 3329853 | 3329853 | 0 | 3329853 | |
| 320 200 324 – ശുചിത്വ പകർച്ചാ വ്യാധി നിയന്ത്രണ പ്രവർത്തനം | 0 | 458542 | 458542 | 458542 | 0 | |
| 320 200 399 – വെറ്ററിനറി ആശുപത്രി നിർമ്മാണം | 450000 | 0 | 450000 | 0 | 450000 | |
| 320 300 103 – സമ്പൂർണ്ണ ശുചിത്വം | 248421 | 0 | 248421 | 0 | 248421 | |
| 320 300 199 – RSBY ഗ്രാന്റ് | 581830 | 0 | 581830 | 0 | 581830 | |
| 320 400 199 – CSR Fund- BPCL – Noonmeal Program | 1126430 | 214840 | 1341270 | 540800 | 800470 | |

പഞ്ചായത്തിന് വിവിധ കേന്ദ്രാവിഷ്കൃത - സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുവേണ്ടി മുൻവർഷങ്ങളിലും, തൻവർഷവും കിട്ടിയ ഗ്രാന്റുകൾ ഒട്ടുംതന്നെ ചെലവാകാതെ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്ന സ്ഥിതിവിശേഷം കാണുന്നുണ്ട്. ഉദാഹരണമായി ശുചിത്വ മിഷൻ ഫണ്ടിനത്തിൽ 2020-21 സാമ്പത്തികവർഷം ലഭ്യമായ 33,29,853/- രൂപയും, ബയോ-ഡൈവേഴ്സിറ്റി ബോർഡിൽ നിന്നും ലഭിച്ച 300000/- രൂപയും തൻവർഷം ചെലവാകാതെ നീക്കിയിരുപ്പുണ്ട്. മുൻവർഷങ്ങളിൽ ലഭ്യമായ വെറ്ററിനറി ആശുപത്രി നിർമ്മാണത്തിനായി ലഭിച്ച സംസ്ഥാനാവിഷ്കൃതവിഹിതം 4,50,000/- രൂപയും, ഖരമാലിന്യ നിർമ്മാർജ്ജന പരിപാടിക്കായി കേന്ദ്രാവിഷ്കൃതവിഹിതമായി ലഭിച്ച 4,30,179/- രൂപയും, CSR Fund ഇനത്തിൽ BPCL ൽ നിന്ന് ലഭിച്ച രൂപയിൽ 8,00,470/- രൂപയും, നീക്കിയിരുപ്പുണ്ട്. മേൽപ്പറഞ്ഞ ഫണ്ടുകൾ പ്രസ്തുത പ്രൊജക്ടുകൾക്കു വേണ്ടി ചെലവാക്കുകയോ, അല്ലെങ്കിൽ ഫണ്ട് അനുവദിച്ച ഏജൻസിയുമായി ബന്ധപ്പെട്ട് തുക തിരികെ നല്കുകയോ ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 21279604 | 11351976 | 9927628 | 46.65% |
| വികസന ഫണ്ട് (എസ്.സി.പി) | 5398667 | 2757120 | 2641547 | 48.93% |
| വികസനഫണ്ട് (ടി.എസ്.പി) | 132000 | 89096 | 42904 | 32.50 |

| | | | | |
|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 4720000 | 3947923 | 772077 | 16.36% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4550503 | 4550503 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 11964453 | 7849508 | 4114945 | 34.39% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 5020000 | 3393134 | 1626866 | 32.41% |

2020-2021 സാമ്പത്തിക വർഷം ബജറ്റ് പ്രകാരം ഗ്രാമപഞ്ചായത്തിന് അലോട്ട് ചെയ്ത ഗ്രാന്റുകളിൽ മെയിന്റനൻസ് ഗ്രാന്റ് ( റോഡ് ) മെയിന്റനൻസ് ഗ്രാന്റ് ( റോഡിതരം ) എന്നീ ഇനങ്ങളിലൊഴിച്ച് ബാക്കി എല്ലാ ഫണ്ടിനങ്ങളിലും 30ശതമാനത്തിലധികം തുകയും ലാപ്സാകുകയാണുണ്ടായത്. കോവിഡ് -19 ന്റെ പ്രത്യേകസാഹചര്യത്തിലാണ് ഇങ്ങനെയുണ്ടായത് എന്ന് സാമാന്യേന പറയാമെങ്കിലും, കോവിഡ് -19 ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ ആരംഭിച്ചത് 2020 മാർച്ച് മധ്യവാരം മുതലാണ്. 2020 - 2021 സാമ്പത്തികവർഷം പദ്ധതി ആസൂത്രണനടപടി ക്രമം ആരംഭിക്കേണ്ടിയിരുന്നത് 2020 മാർച്ച് മുതലാണ്. എന്നാൽ കോവിഡ് നിയന്ത്രണങ്ങൾ മൂലം ആസൂത്രണപ്രക്രിയകൾ ആരംഭിച്ചത് 2020 ജൂലൈ മുതൽ 2020 ഒക്ടോബർ വരെയുള്ള കാലയളവിൽ പൂർത്തിയാക്കി മരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റ് വെയ്ക്കുകയും, മരാമത്തിതര പ്രവൃത്തികളുടെ നിർവ്വഹണനടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സ്വാഭാവികമായി 2021 ഫെബ്രുവരി മാസത്തിനകം 70% മേൽ പ്രൊജക്ടുകളും പൂർത്തീകരിക്കാനുള്ള സാഹചര്യം ഉണ്ടായിരുന്നുവെങ്കിലും, മരാമത്ത് ഉൾപ്പെടെയുള്ള ഭൂരിഭാഗം പ്രൊജക്ടുകളുടെയും നിർവ്വഹണം സാമ്പത്തികവർഷാവസാനം വരെ നീട്ടിക്കൊണ്ടുപോയതുകൊണ്ടാകണം പ്രൊജക്ടുകൾ പൂർണ്ണമായി നടപ്പാകാതെ അൻപതുശതമാനത്തിലധികം തുകയും ലാപ്സായിപ്പോയ ഒരു സാഹചര്യമുണ്ടായത്. പദ്ധതി ആസൂത്രണനിർവ്വഹണം സംബന്ധിച്ച് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിർവ്വഹണകലണ്ടർ കൃത്യമായി പാലിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും കാണുന്ന അലംഭാവം ഗ്രാന്റുകൾ ലാപ്സായിപ്പോകുന്നതിന് ഇടവരുത്തുന്നതായി നിരീക്ഷിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 184 | 109589236 | 129 | 60641230 | 13 | 42 | 85 | 46% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ:

1) പ്രൊജക്ട് നമ്പർ. 197/21- ഗവൺ മെന്റ് / എയിഡഡ് സ്കൂളുകളിൽ പൊതു ടോയ് ലറ്റ് നിർമ്മാണം

2) പ്രൊജക്ട് നമ്പർ. 206/21- ടേക്ക് എ ബ്രേക്ക് - വില്ലേജ് ഓഫീസ് കൊമ്പൗണ്ടിൽ പൊതു ടോയ് ലറ്റ് നിർമ്മാണം

3) പ്രൊജക്ട് നമ്പർ. 215/21 – പെരുമന റോഡ് കാന ഫുട് പാത്ത് നിർമ്മാണം

4) പ്രൊജക്ട് നമ്പർ. 143/21 – റോട്ടറി ക്ലബ് കോളനി സബ് റോഡ് കോൺക്രീറ്റിംഗ് , കാന

5) പ്രൊജക്ട് നമ്പർ. 161/21- രേവതി റോഡ് , ചർച്ച് റോഡ് കാന

6) പ്രൊജക്ട് നമ്പർ. 163/21 – ഹോമിയോ ഡിസ് പെൻസറി , ചാത്തുമാസ്റ്റർ റോഡ് കലുങ്ക്

തൻവർഷം അംഗീകാരം കിട്ടിയ മറ്റ് പ്രൊജക്ടുകൾ നടപ്പാക്കാൻ സാധിക്കാതെ വന്നത് അടുത്തവർഷം സ്പിൽ ഓവറായി നടപ്പാക്കിയിട്ടുണ്ട്.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

2019-20 വർഷത്തെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 455 | 443992 | 444447 | 426038 | 18409 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 8424962 | 8424962 | 8424962 | 0 |
| ആകെ | 455 | 8868954 | 8869409 | 8851000 | 18409 |

| തൊഴിൽ കാർഡ് നല്കപ്പെട്ടവർ | | | | തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം | തൊഴിൽ നല്കപ്പെട്ടവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|
| ജനറൽ | പട്ടിക ജാതി | പട്ടിക വർഗ്ഗം | ആകെ | | | ജനറൽ | പട്ടിക ജാതി | പട്ടിക വർഗ്ഗം | ആകെ | |
| 624 | 201 | 0 | 825 | 321 | 292 | 11190 | 9190 | 0 | 20380 | 158 |

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 104 |
| പൂർത്തീകരിച്ച ആകെ പ്രവൃത്തികൾ | 99 |

ഓഡിറ്റ് വർഷത്തിൽ ആക്ഷൻ പ്ലാൻ പ്രകാരം ലേബർ ബജറ്റിലുൾപ്പെടുത്തി 104 വർക്കുകൾ രൂപീകരിച്ചെങ്കിലും നടപ്പിലാക്കിയത് 99 പ്രവൃത്തികളാണ്. നടപ്പാക്കിയ പ്രവൃത്തികളുടെ ഇനം താഴെപ്പറയുന്നു.

| നടപ്പാക്കിയ പ്രവൃത്തികൾ | എണ്ണം |
|---|---|
| തോട് ആഴം കൂട്ടി പുനരുദ്ധാരണം | 44 |
| മരംനടീൽ, മറ്റ് ഭൂവികസന പ്രവർത്തനങ്ങൾ | 20 |

| | |
|---|---|
| വ്യക്തിഗത ആനുകൂല്യങ്ങൾ | 31 |
| മരാമത്ത് പ്രവൃത്തികൾ – റോഡ് ടൈൽ വിരിക്കൽ, കോൺക്രീറ്റിംഗ് | 3 |
| നടപ്പാതകളിൽ കയർ ഭൂവസ്ത്രം വിരിക്കൽ | 1 |
| ആകെ | 99 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2725300 | 1051 |
| വിധവാപെൻഷൻ | 14437600 | 2225 |
| വാർദ്ധക്യകാലപെൻഷൻ | 37506400 | 3418 |
| വികലാംഗപെൻഷൻ | 3584900 | 1987 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 854700 | 317 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.12.2021 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 55,058/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആസ്തി രജിസ്റ്ററിന്റെ പരിപാലനം

2012-13 മുതൽ 2020-2021 വരെയുള്ള കാലയളവിൽ പഞ്ചായത്ത് ആർജ്ജിച്ചിട്ടുള്ള എല്ലാ ആസ്തികളും ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കാവുന്നതാണ്. ആസ്തി രജിസ്റ്റർ ഡിജിറ്റൈസേഷന്റെ ഭാഗമായി പഞ്ചായത്ത് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനായി സെന്റർ ഫോർ ഇക്കോണമിക് & എൻവയൺമെന്റൽ സ്റ്റഡീസ് എന്ന അക്രിഡറ്റഡ് ഏജൻസിയുമായി കരാർ വെച്ച് തുക അടച്ചിരുന്നു. എന്നാൽ നാളിതുവരെ അതിന്റെ ഫൈനൽ റിപ്പോർട്ട് ലഭ്യമാക്കുകയോ, ആസ്തി മൂല്യങ്ങൾ കൃതമായി നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.
പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി പരമാവധി ഉപയോഗിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനാവശ്യമായ ഒരു സമ്പൂർണ്ണ ഡാറ്റാ ബേസ് പഞ്ചായത്ത് സൂക്ഷിക്കുന്നത് ഭാവിവികസന സാദ്ധ്യതകൾക്ക് ഉപയുക്തമാക്കാൻ ഉചിതമായിരിക്കും.

പൊതുഭരണസംവിധാനം

ഫ്രണ്ട് ഓഫീസ് സംവിധാനം, രജിസ്റ്ററുകളുടെ സൂക്ഷിപ്പ് , രസീതുകളുടെ ഉപയോഗം, അപേക്ഷകളിന്മേലുള്ള തീർപ്പ് കല്പിക്കൽ, പരാതി പരിഹാര സംവിധാനം, ജീവനക്കാരുടെ ജോലി വിഭജനം, എന്നീ ഭരണതല സംവിധാനങ്ങൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

രജിസ്റ്ററുകളുടെ പരിപാലനം

1.തൊഴിൽ നികുതി രജിസ്റ്റർ-തൊഴിൽ നികുതി അടവാക്കിയ ജീവനക്കാരുടെ പേര് വിവരങ്ങൾ രജിസ്റ്ററിൽ പൂർണ്ണമായും ചേർക്കുന്നില്ല.
2.ഡെപ്പോസിറ്റ് രജിസ്റ്റർ -ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. കൃത്യമായ രേഖപ്പെടുത്തലുകൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ വരുത്തേണ്ടതാണ്.

3.പെർമിറ്റ് രജിസ്റ്റർ-പെർമിറ്റ് അപ്രൂവ് ചെയ്തതത് സംബന്ധിച്ച് പല വിവരങ്ങളും പെർമിറ്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല. പെർമിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | - - - | - - - | കോവിഡ്- 19 മൂലം 2020-21വർഷം പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.07.2011 | 2010-2011 വരെ | ലഭ്യമല്ല |

## 1-11 വസ്തുനികുതി നിർണ്ണയം- അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ വസ്തുനികുതിപിരിവ് പരിശോധിച്ചതിൽ, താഴെ പറയുന്ന അപാകതകൾ കാണുന്നു. വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്ററിനു മുകളിലുള്ള ടി കെട്ടിടങ്ങൾ ( നിരക്ക് - 50 /ച. മീ. ) , 100 ച. മീറ്റർ വരെ (നിരക്ക് - 30/ച. മീ.) എന്ന ഗണത്തിൽ പെടുത്തി അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര്, വാർഡ് നം., കെട്ടിട നം. | വിസ്തീർണ്ണം/ ച . മീ. | നിലവിലെ വസ്തു നികുതി | കാലപ്പഴക്കം | ഈടാക്കേണ്ട അടിസ്ഥാന വസ്തു |
|---|---|---|---|---|---|

| | | | | | നികുതി |
|---|---|---|---|---|---|
| 1 | ജോസി, 2/260/H | 116.95 | 3508 | 0 വർഷം | 5848 |
| 2 | രുദ്രൻ ഇളയത്, 1/98 | 235 | 8460 | 6 വർഷം | 11750 |
| 3 | മുഹമ്മദാലി,2/372/d | 214.82 | 6444.8 | 0 വർഷം | 10741 |
| 4 | മുഹമ്മദാലി, 2/372/E | 174.96 | 5248.8 | 0 വർഷം | 8748 |
| 5 | അപർണ കെ. കൃഷ്ണകുമാർ, രുക്മിണി അമ്മ, ഗോകുൽ, 2/539/B | 305.29 | 9158.7 | 1 വർഷം | 15265 |
| 6 | ഹുസൈൻ മൊയ്തീൻ, 3/8 | 280.37 | 8411 | 3 വർഷം | 14019 |
| 7 | അബ്ദുൾ കരീം, 3/467 | 139.32 | 1296 | 6 വർഷം | 6966 |
| 8 | സീന, 4/10 | 396.64 | 11899 | 8 വർഷം | 19832 |
| 9 | ഡോ. സീന, 4/11 | 293 | 8790 | 8 വർഷം | 14650 |
| 10 | സെക്രട്ടറി, മഹൽ മുസ്ലിം ജമാ അത്ത്, 4/16 | 200 | 1296 | 3 വർഷം | 10000 |
| 11 | ഡോ. ജാസ്മിൻ സിദ്ദിഖ്, 4/318/B | 116.44 | 3843 | 0 വർഷം | 5822 |
| 12 | സെബാസ്റ്റ്യൻ പി.സി., 10/475 | 299.36 | 6480 | 6 വർഷം | 14968 |
| 13 | ജോസഫ് ജോർജ്ജ്, 12/273 | 239 | 7170 | 4 വർഷം | 11950 |
| 14 | തോമസ് ചെറുകര, 17/223/A | 359.7 | 10791 | 2 വർഷം | 17985 |
| 15 | രാകേഷ് ജോസ് വിൻസൻറ് ,17/391/A | 112.06 | 3361 | 0 വർഷം | 5603 |
| 16 | സൗമ്യ വേണുഗോപാൽ, 4/356/B | 107.77 | 3233 | 0 വർഷം | 5389 |

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8) ലഭ്യമാക്കിയ മറുപടിയിൽ മേൽ കെട്ടിടങ്ങൾ ഘടനാപരമായ മാറ്റം വരുത്തിയിട്ടുണ്ടോ എന്ന വിവരം പരിശോധിച്ച് അറിയിക്കാമെന്ന് പറയുന്നു. നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിച്ച് നിയമാനുസൃതമായ ഇളവുകളും വർദ്ധനവുകളും സഹിതം നികുതി പുനർനിർണയിച്ച് കുടിശ്ശിക ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-12 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

താഴെ പറയുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീസ് ഈടാക്കിയിരിക്കുന്നതിൽ കുറവ് വന്നത് ഈടാക്കേണ്ടതാണ്

| ക്രമ നം. | പെർമിറ്റ് നം., ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മീ.) | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | C4-1312/20-22/2/20 ബിജു ചന്ദ്രൻ | 210.30 | 861 | 210.3x7=1472 | 611 |
| 2 | C4-1877/20-05.03.20 തോമസ് | 162.87 | 370 | 162.87x7=1140 | 770 |
| 3 | C4-1948/20-07.03.20 ഗോഡ് വിൻ ലിബറോ | 189.9 | 697 | 189.9x7=1329 | 632 |
| 4 | C4-4747/20- 23.09.20 ഉഷ ഏലിയാസ് | 262.87 | 1043 | 262.87x7=1840 | 797 |
| 5 | C4-2322/20-19.03.20വി. വിനയചന്ദ്രൻ | 203.25 | 938 | 203.25x7=1423 | 485 |
| 6 | A4-613/21-18.01.21 രാമനാഥൻ | 191.08 | 630 | 191.08x7=1338 | 708 |
| | | | Total | | 4003 |

കുറവ് വന്ന തുക ഈടാക്കേണ്ടതാണ്

## 1-13 2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ പ്രകാരം നികുതി പുനർനിർണ്ണയിക്കപ്പെടാത്ത കെട്ടിടങ്ങൾ

വാണിജ്യാവശ്യത്തിനുള്ള നിലവിലുള്ള ചില കെട്ടിടങ്ങളുടെ നികുതി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പുനർനിർണ്ണയിക്കപ്പെടാത്തതായി കാണുന്നു. മാത്രമല്ല വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്ററിനു മുകളിലുള്ള ടി കെട്ടിടങ്ങൾ ( നിരക്ക് -50 /ച. മീ. ) , 100 ച. മീറ്റർ വരെ (നിരക്ക് - 30/ച. മീ.) എന്ന ഗണത്തിൽ പെടുത്തി അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതായും കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര്, വാർഡ് നം., കെട്ടിട നം. | വിസ്തീർണ്ണം/ ച . മീ. | നിലവിലെ വാർഷിക നികുതി | കാലപ്പഴക്കം |
|---|---|---|---|---|
| 1 | ടി.വി. ജോർജ്ജ്,2/174 | 140 | 162 | 13വർഷം |
| 2 | വി. എം സീതി, 3/225 | 400 | 7776 | 14വർഷം |
| 3 | വി. എം സീതി.3/226 | 400 | 13200 | 12വർഷം |
| 4 | വി. എം സീതി. 3/227 | 400 | 13200 | 10വർഷം |
| 5 | വി. എം സീതി,3/228 | 400 | 13200 | 10വർഷം |
| 6 | വി. എം സീതി, 3/229 | 400 | 13200 | 10വർഷം |
| 7 | വി. എം സീതി,3/230 | 400 | 13200 | 10വർഷം |
| 8 | ബാവ എം.എ., 4/322 | 115.55 | 2916 | 4വർഷം |
| 9 | ലിസി, 7/521 | 176 | 130 | 11വർഷം |

മേൽ കെട്ടിടങ്ങൾ, ഒടുവിൽ നികുതി നിർണ്ണയം നടത്തിയ തീയതി, ഒടുവിൽ നികുതി നിർണ്ണയം നടത്തിയതിനു ശേഷം കൂട്ടിച്ചേർക്കലോ ഘടനാപരമായ മെച്ചപ്പെടുത്തലോ വരുത്തിയിട്ടുണ്ടോ എന്ന വിവരം, മേൽ കെട്ടിടങ്ങളുടെ നികുതി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പുനർനിർണ്ണയിച്ചിട്ടുണ്ടോ എന്ന വിവരം ഇവ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8) ലഭ്യമാക്കിയ മറുപടിയിൽ മേൽ കെട്ടിടങ്ങൾ ഘടനാപരമായ മാറ്റം വരുത്തിയിട്ടുണ്ടോ എന്ന വിവരം പരിശോധിച്ച് അറിയിക്കാമെന്ന് പറയുന്നു. മേൽ വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതും ടി കെട്ടിടങ്ങളുടെ നികുതി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പുനർനിർണ്ണയിച്ച് രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതുമാണ്.

## 1-14 റദ്ദ് ചെയ്യപ്പെട്ട സാംഖ്യ രസീതുകൾ പ്രകാരം വസ്തുനികുതി അടവാക്കിയിരിക്കുന്നു.

(എ) താഴെ പറയുന്ന സാംഖ്യ രസീതുകൾ, ക്യാൻസൽഡ് റിപ്പോർട്ട് പ്രകാരം റദ്ദ് ചെയ്യപ്പെട്ടതാണ്. എന്നാൽ സഞ്ചയയിൽ ഈ രസീതുകൾ നിലനിൽക്കുകയും ഇവ പ്രകാരം വസ്തുനികുതി അടവാക്കിയതായി രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ടി തുകകൾ പഞ്ചായത്ത് ഫണ്ടിൽ ലഭ്യമായിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | രസീത് നം., തീയതി | കെട്ടിട നം. ഉടമയുടെ പേര് | തുക | നികുതി കാലയളവ് |
|---|---|---|---|---|
| 1 | 120190103097/ 22.02.2021 | 3/225 , വി. എം സീതി | 9461 | 2020 I & II Half |
| 2 | 120190100017/20.04.20 | 1/277/A, ഫിലോമിന | 967 | 2020 I & II Half |
| 3 | 120190100018/20.04.20 | 1/277/A, ഫിലോമിന | 967 | 2020 I & II Half |
| | ആകെ | | 11395 | |

ടി തുകകൾ കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി (ടി തുകകൾ കുടിശ്ശികയായി നിലനിർത്താത്തതിനാൽ) പരിഗണിക്കുന്നതാണ്. വിശദവിവരം ഭാഗം 2 ൽ ചേർത്തിട്ടുണ്ട്.

(ബി) താഴെ പറയുന്ന സാംഖ്യ രസീതുകൾ, ക്യാൻസൽഡ് റിപ്പോർട്ട് പ്രകാരം റദ്ദ് ചെയ്യപ്പെട്ടതാണ്. എന്നാൽ സഞ്ചയയിൽ ഈ രസീതുകൾ നിലനിൽക്കുന്നു. പകരം രസീതുകൾ പ്രകാരം പിന്നീട് ഈ തുകകൾ ലഭ്യമായതായി കാണുന്നു.

| ക്രമ നം. | രസീത് നം., തീയതി | കെട്ടിട നം. ഉടമയുടെ പേര് | തുക |
|---|---|---|---|
| 1 | 120190100353, 21.05.20 | 12/464 കെ. ആർ . ഗോപാലൻ | 1577 |
| 2 | 120191100513, 12.11.20 | 9/425 / A, ഗീത എ.പി. | 1242 |
| 3 | 120190103064, 22.02.21 | 14/ 574/ A, ജിബി. എം. ജെ. | 1139 |

റദ്ദ് ചെയ്യപ്പെട്ട രസീതുകൾ സഞ്ചയയിൽ നിലനിൽക്കുന്നതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7) മറുപടി ലഭ്യമാക്കിയില്ല. റദ്ദുചെയ്യപ്പെട്ട രസീതുകൾ വരവ് വന്നതായി നിലനിർത്തിയിരിക്കുന്നത് ശരിയായ നടപടിയല്ല. ഇത് സംബന്ധിച്ച തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | കെട്ടിട നം. | ഉടമയുടെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | 12/289/a | എയർസെൽ സിഫ് നെറ്റ് വയർലെസ് ലിമിറ്റഡ് | 92375/- കുടിശ്ശിക<br>2012-13 മുതൽ അടവാക്കിയിട്ടില്ല. |
| 2 | 17/180/c<br>Bld ID-50656010017197 | Indus Towers Ltd. | കെട്ടിടത്തിന്റെ നിലവിലെ ഉപയോഗം വ്യക്തമാക്കേണ്ടതാണ്. |

ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 അനധികൃതമായി പ്രവർത്തിക്കുന്നത് - ഇടശ്ശേരി റിസോർട്ട്

ഗ്രാമപഞ്ചായത്തിൽ രണ്ടാം വാർഡിൽ ഇടശ്ശേരി റിസോർട്ട് എന്ന പേരിൽ ഒരു അനധികൃത കെട്ടിടം പ്രവർത്തിച്ചുവരുന്നതായും ഇത് സംബന്ധിച്ച ഹൈക്കോടതി കേസ് ഫയൽ (Case No. WP(c) 15930/15 ( High Court) Midhun Davis Dtd. 03.11.2015) പ്രളയത്തിൽ നഷ്ടപ്പെട്ടതായും പഞ്ചായത്ത് അധികൃതർ അറിയിച്ചു. ടി കെട്ടിടം പരിശോധിക്കുന്നതിനായി 29.12.2021 ന് ഓഡിറ്റ് ടീം സന്ദർശിക്കുകയും ഏകദേശം 1300 ച. മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ ഇത് റിസോർട്ടായി പ്രവർത്തിക്കുന്നതായി കാണുകയുമുണ്ടായി. അനധികൃത നിർമ്മാണത്തിനെതിരെ പഞ്ചായത്ത് സ്റ്റോപ്പ് മെമ്മോ കൊടുത്തതിനെതിരെ കെട്ടിട ഉടമ ഹൈക്കോടതിയിലും, സുപ്രീംകോടതിയിലും കേസ് ഫയൽ ചെയ്തുവെങ്കിലും വിധി പഞ്ചായത്തിന് അനുകൂലമാണ്. ഏകദേശം 11 വർഷമായി ഇത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ടി റിസോർട്ടിൽ നിന്ന് കെട്ടിട നികുതി ഇനത്തിലോ ലൈസൻസ് ഫീസ് ഇനത്തിലോ മറ്റ് യാതൊരു ഇനത്തിലും പഞ്ചായത്തിന് വരുമാനമൊന്നും ലഭ്യമല്ല. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും ഇതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതുമാണെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ടി കെട്ടിടത്തിനായി താഴെ പറയുന്ന രീതിയിൽ ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുണ്ട്.

| ക്രമ നം. | പെർമിറ്റ് നം. | ലാന്റ് ഏരിയ | പ്ലിന്ത് ഏരിയ |
|---|---|---|---|
| 1 | C4/346/07 Dtd. 17.03.2007 | 40.43 Cents (1636.02sqm) | 481.2 Sqm ( 5177.70 Sqft) |
| 2 | C4/347/07 Dtd. 17.03.2007 | 29.875 Cents ( 1209.04 Sqm) | 478.5 Sqm (5148.66) (Floor Area) |
| 3 | C4/348/07 Dtd. 17.03.07 | 40.634cents ( 1644.45 Sqm) | 341.7 Sqm ( 3676.69 Sqft) |

ഇതു സംബന്ധിച്ച് നിയമവശങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി ഈടാക്കിയില്ല

താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ചേരാനല്ലൂർ ക്ഷീരോൽപാദക സഹകരണസംഘം ക്ലിപ്തം നം. E222(D) Apcos |
| 2 | ഇടയക്കുന്നം ക്ഷീരോൽപാദക സഹകരണസംഘം ക്ലിപ്തം നം. E219(D) Apcos |

മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും 2020-21 ൽ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 ലൈസൻസ് - ഭേദഗതി ചട്ടങ്ങൾ പാലിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 31.10.2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ 2020-21 വർഷത്തെ വ്യാപാരസ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ വിറ്റുവരവിന്റെയോ മൂലധനനിക്ഷേപത്തിൻെറയോ വിവരങ്ങൾ രേഖപ്പെടുത്താതെയുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നതായാണ് കാണുന്നത്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ കമ്മറ്റി തീരുമാനത്തിൽ ( 09.03.2020 ലെ 3/1 നമ്പർ ) മുൻകാലങ്ങളിലെ പോലെ വിറ്റുവരവ് അടിസ്ഥാനമാക്കി ലൈലൻസ് ഫീസ് ഈടാക്കുന്നതിനും പുതിയ സർക്കാർ ഉത്തരവ് പുനപരിശോധിക്കുന്നതിനും സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചു എന്നു കാണുന്നു. സെക്രട്ടറിയുടെ വിയോജനത്തോടെയുള്ള മേൽ തീരുമാനം പ്രകാരം സർക്കാർ ഉത്തരവ് പുനപരിശോധിക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുകയോ അനുകൂല ഉത്തരവ് സർക്കാരിൽ നിന്ന് ലഭ്യമാകുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 18) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ പറയുന്നത് ഇതു സംബന്ധിച്ച് കമ്മിറ്റിയെ ബോധ്യപ്പെടുത്താൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല എന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കുന്നത് എന്നുമാണ്.

2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ട് നിലവിൽ വന്നതോടെ 1994 ലെ കേരള പഞ്ചായത്ത് രാജ് , മുനിസിപ്പാലിറ്റി നിയമങ്ങളിലെ "അപകടകരവും അസഹ്യവുമായ വ്യാപാരങ്ങളും ഫാക്ടറികളും" എന്ന പ്രയോഗം "വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും" എന്ന് ഭേദഗതി ചെയ്യപ്പെട്ടു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻറെ 232, 233 എന്നീ വകുപ്പുകളിലാണ് ഭേദഗതി വരുത്തിയിട്ടുള്ളത്. തദനുസൃതമായി 31.10.2017 ൽ 1996 ലെ പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങൾക്ക് ഭേദഗതി പുറപ്പെടുവിച്ചു. 1996 ലെ പഞ്ചായത്ത് രാജ് "അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് ചട്ടങ്ങൾ എന്നത് നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ എന്നാണ് അറിയപ്പെടുന്നത്. ആയതിനാൽ നിലവിലെ നിയമത്തിനും ചട്ടത്തിനും അനുസൃതമായി ലൈസൻസ് നൽകുന്നതിനാവശ്യമായ കമ്മിറ്റി തീരുമാനം എടുത്ത് ഭേദഗതി ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് ലൈസൻസ് ഫീസ് ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-19 വാടക ഈടാക്കാത്തത് സംബന്ധിച്ച് -

ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് കൊടുത്ത കെട്ടിടങ്ങളിൽ നിന്നും, മറ്റ് ആസ്തികളിൽ നിന്നും വാടകയിനത്തിൽ കുടിശികയായി വലിയ തുക ഇപ്പോഴും ലഭിക്കാനുണ്ട്. ഇത് ഈടാക്കാത്തതിന്റെ കാരണം വ്യക്തമല്ല. വാടക ലഭിക്കാത്ത വ്യക്തികൾക്ക് അടുത്ത് വർഷവും ഫിഷ് മാർക്കറ്റ് ലേലം ചെയ്ത് നൽകിയിട്ടുണ്ട്. മാത്രമല്ല മുൻ വർഷങ്ങളിലെ വാടക ഈടാക്കാതെ പിന്നീടുള്ള വർഷങ്ങളിൽ വാടക ഈടാക്കിയിട്ടുണ്ട്.

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഇനിയും ലഭിക്കാനുള്ള വാടകയുടെ വിവരം താഴെ കൊടുക്കുന്നു.

| സാമ്പത്തിക വർഷം | കെട്ടിടം/ മുറി നം. | പേര് | മാസ വാടക | വാർഷിക വാടക | കുടിശിക |
|---|---|---|---|---|---|
| 2019-20 | ചിറ്റൂർ ഫെറി ഷോപ്പിംഗ് കോംപ്ലക്സ് | അഗസ്റ്റിൻജോമോൻ | 2695 | | 5390 |
| 2019-20 | ചിറ്റൂർ ഫെറി ഷോപ്പിംഗ് കോംപ്ലക്സ് | സുനിൽകുമാർ | 1920 | | 17460 |
| 2019-20 | ചിറ്റൂർ ഫെറി ഷോപ്പിംഗ് കോംപ്ലക്സ് | മിനി കെ ബി | 2174 | | 17392 |
| 2019-20 | ചിറ്റൂർ ഫെറി ഷോപ്പിംഗ് കോംപ്ലക്സ് | സുധാകരൻ | 740 | | 740 |
| 2019-20 | ചിറ്റൂർ ഫെറി ഷോപ്പിംഗ് കോംപ്ലക്സ് | നിധിൻ | 945 | | 10395 |
| 2019-20 | ചേരാനല്ലൂർ ഫിഷ് മാർക്കറ്റ് 1/598 | ഷിബിൻ ബാബു | | 11,550 | 11,550 |
| 2019-20 | ചേരാനല്ലൂർ ഫിഷ് മാർക്കറ്റ് 1/599 | ഷിബിൻ ബാബു | | 11,550 | 11,550 |

| | | | | | |
|---|---|---|---|---|---|
| 2019-20 | ചേരാനല്ലൂർ ഫിഷ് മാർക്കറ്റ് 1/600 | ഷിബിൻ ബാബു | | 11,000 | 11,000 |
| 2019-20 | ചേരാനല്ലൂർ ഫിഷ് മാർക്കറ്റ് 1/602 | ജുനീഷ് | | 7000 | 7000 |
| 2019-20 | ചേരാനല്ലൂർ ഫിഷ് മാർക്കറ്റ് 1/603 | ജുനീഷ് | | 10500 | 10500 |
| 2019-20 | ചേരാനല്ലൂർ ഫിഷ് മാർക്കറ്റ് 1/600 | റോയ് തോമസ് | | 10000 | 10,000 |
| 2019-20 | ചേരാനല്ലൂർ ഫിഷ് മാർക്കറ്റ് 1/600 | പോൾസൻ | | 10500 | 10500 |
| 2020-21 | ചിറ്റൂർ ഫെറി ഷോപ്പിംഗ് കോംപ്ലക്സ് 12/141 | അഗസ്റ്റിൻജോമോൻ | 2830 | | 25740 |
| 2020-21 | ചിറ്റൂർ ഫെറി ഷോപ്പിംഗ് കോംപ്ലക്സ് | സുധാകരൻ | 777 | | 3885 |
| 2020-21 | ചിറ്റൂർ ഫെറി ഷോപ്പിംഗ് കോംപ്ലക്സ് | സുനിൽ കുമാർ | 1000 | | 12000 |
| 2020-21 | ചിറ്റൂർ ഫെറി ഷോപ്പിംഗ് കോംപ്ലക്സ് | രാധാമണിയമ്മ | 1144 | | 8008 |
| 2020-21 | ചിറ്റൂർ ഫെറി ഷോപ്പിംഗ് കോംപ്ലക്സ് | അമ്മിണിക്കുട്ടിയമ്മ | 1400 | | 5600 |
| 2020-21 | ചിറ്റൂർ ഫെറി ഷോപ്പിംഗ് കോംപ്ലക്സ് | ജോസ് പി എഫ് | 2325 | | 18600 |
| 2020-21 | ചേരാനല്ലൂർ ഫിഷ് മാർക്കറ്റ് 1/598 | ജുനീഷ് | | 12128 | 12128 |
| 2020-21 | ചേരാനല്ലൂർ ഫിഷ് മാർക്കറ്റ് 1/599 | ജുനീഷ് | | 12128 | 12128 |
| 2020-21 | ചേരാനല്ലൂർ ഫിഷ് മാർക്കറ്റ് 1/600 | രാജേഷ് | | 11650 | 11650 |
| 2020-21 | ചേരാനല്ലൂർ ഫിഷ് മാർക്കറ്റ് 1/602 | രാജേഷ് | | 11650 | 11650 |
| 2020-21 | ചേരാനല്ലൂർ ഫിഷ് മാർക്കറ്റ് 1/603 | രാജേഷ് | | 11100 | 11100 |
| 2020-21 | ചേരാനല്ലൂർ ഫിഷ് മാർക്കറ്റ് 1/600 | ജുനീഷ് | | 7100 | 7100 |

കൃത്യമായ കുടിശ്ശിക കണക്കാക്കി പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ദുരിതാശ്വാസ നിധി

പ്രകൃതിക്ഷോഭം , മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് ദുരിതനിവാരണത്തിന് അടിയന്തിര ധനസഹായം നല്കുന്നതിനായി പണം സൂക്ഷിക്കുന്നതിന് വേണ്ടിയാണ് 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങൾ സർക്കാർ എസ്.ആർ.ഒ. നം. 162 / 2003 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത് . ഓഡിറ്റ് വർഷം പഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിക്കപ്പെട്ടിട്ടില്ല . 05.04.21 നാണ് ഫെഡറൽ ബാങ്കിൽ ദുരിതാശ്വാസനിധി ആരംഭിച്ചത് (അക്കൗണ്ട് നം . 12950100171323). ധനശേഖരണാർത്ഥമുള്ള കലാ - കായിക -വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ , സംഘടനകൾ , സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ് . അപ്രകാരം ധനം സ്വരൂപിക്കുന്നതിന് നിർബന്ധങ്ങൾ ചെലുത്തുകയോ അധികാരദുർവിനിയോഗം ചെയ്യുകയോ പഞ്ചായത്തിന് ലഭിക്കേണ്ട ഏതെങ്കിലും വരുമാനം ഇല്ലാതാക്കുകയോ ചെയ്യാൻ പാടുള്ളതല്ല . നിധിയിലേക്ക് ഗ്രാമപഞ്ചായത്തിന്റെ ഏതെങ്കിലും ഫണ്ടിൽ നിന്നോ സർക്കാരിൽ നിന്ന് ഗ്രാമപഞ്ചായത്തിന് ലഭിച്ച ഏതെങ്കിലും ഗ്രാന്റിൽ നിന്നോ തുക കൈമാറ്റം ചെയ്യാനും പാടില്ല .നിധിയിലേക്ക് നല്കുന്ന സംഭാവനകൾക്ക് സെക്രട്ടറിയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഒപ്പിട്ട രസീത് നല്കേണ്ടതും അത് അച്ചടിച്ച ഫോറത്തിലായിരിക്കേണ്ടതുമാണ് . ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ ഒരു സബ് കമ്മിറ്റി ആവശ്യമായ അന്വേഷണം നടത്തിയതിനു ശേഷം നിധിയിൽ നിന്ന് തുക പിൻവലിച്ച് അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യാവുന്നതാണ് .നിധിയെ സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ ഒരു ക്യാഷ് ബുക്കിൽ എഴുതേണ്ടതും ലഭിക്കുന്ന അപേക്ഷകളുടെ വിവരം ,അനുവദിച്ച ധനസഹായം എന്നിവ രേഖപ്പെടുത്താൻ ഒരു രജിസ്റ്ററും അന്വേഷണം നടത്തുന്ന സബ് കമ്മിറ്റിയുടെ യോഗനടപടികളുടെ മിനിറ്റ്സ് രേഖപ്പെടുത്താൻ ഒരു മിനിറ്റ്സ് പുസ്തകവും സൂക്ഷിക്കേണ്ടതാണ് . നിധിയെ സംബന്ധിച്ച എല്ലാ വരവ് ചെലവ് കണക്കുകളും സെക്രട്ടറി ഓരോ മാസവും ഗ്രാമപഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതാണ് . നിധിയിൽ നിന്ന് ധനസഹായത്തിനായി അപേക്ഷിച്ചവരുടെയും ധനസഹായം ലഭിച്ചവരുടെയും നിധിയിലേക്ക് സംഭാവന നല്കിയവരുടെയും പേര് വിവരങ്ങളും തുകയും മറ്റ് കണക്കുകളും നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വിവരങ്ങൾ ഗ്രാമസഭകളിൽ അറിയിക്കേണ്ടതുമാണ് .

## 1-21 വെട്ടിയ മരങ്ങൾ ലേലം ചെയ്തില്ല

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മരങ്ങൾ മുറിച്ചു മാറ്റിയതിന് രാജേഷ് എന്ന വ്യക്തിക്ക് താഴെ പറയും പ്രകാരം തുക തനത് ഫണ്ടിൽ നിന്നും നല്കിയിട്ടുണ്ട് .

| ക്രമ നം. | | തുക | വൗച്ചർ നം.,തീയതി |
|---|---|---|---|
| 1 | വില്ലേജ് ഓഫീസിനടുത്തുള്ള മരം വെട്ടിമാറ്റിയതിന് | 8500/- | 22000347/15.06.20 |
| 2 | ആയുർവേദ ആശുപത്രി കോമ്പൗണ്ടിലെ മരം വെട്ടിമാറ്റിയതിന് | 6000/- | 22000618/17.08.20 |
| 3 | പഞ്ചായത്ത് കോമ്പൗണ്ടിലെ മരം വെട്ടിമാറ്റിയതിന് | 6000/- | 22000620/18.08.20 |
| 4 | പഞ്ചായത്ത് കോമ്പൗണ്ടിലെ മരം വെട്ടിമാറ്റിയതിന് | 4500/- | 22000643/26.08.20 |
| 5 | ആയുർവേദ ആശുപത്രി കോമ്പൗണ്ടിലെ മരം വെട്ടിമാറ്റിയതിന് | 4500/- | 22000693/27.08.20 |
| 6 | മൃഗാശുപത്രി കോമ്പൗണ്ടിലെ മരം വെട്ടിമാറ്റിയതിന് | 4500/- | 22000694/27.08.20 |
| 7 | ശ്മശാനത്തിലെയും ആയുർവേദ ആശുപത്രി കോമ്പൗണ്ടിലെയും മരം വെട്ടിമാറ്റിയതിന് | 9300/- | 22000713/03.09.20 |
| 8 | ആയുർവേദ ആശുപത്രി കോമ്പൗണ്ടിലെ മരം വെട്ടിമാറ്റിയതിന് | 8500/- | 22000715/04.09.20 |
| 9 | ശ്മശാനത്തിലെ മരം വെട്ടിമാറ്റിയതിന് | 7200/- | 22000727/07.09.20 |
| 10 | മഞ്ഞുമ്മൽ , കമ്മ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിലെ മരം വെട്ടിമാറ്റിയതിന് | 6000/- | 22000739/08.09.20 |
| 11 | കുട്ടിസാഹിബ് റോഡിലെ മരം വെട്ടിമാറ്റിയതിന് | 2500/- | 22000782/22.09.20 |
| 12 | വാർഡ് 5 ലെ മരം വെട്ടിമാറ്റിയതിന് | 9500/- | 22000808/28.09.20 |

| | | | |
|---|---|---|---|
| 13 | വാർഡ് 17 ലെ മരം വെട്ടിമാറ്റിയതിന് | 6000/- | 22000843/01.10.20 |
| 14 | വാർഡ് 3ലെ മരം വെട്ടിമാറ്റിയതിന് | 8500/- | 22000868/05.10.20 |

ഇത് കൂടാതെ താഴെ പറയുന്നവർക്കും മരം വെട്ടിമാറ്റിയതിന് തനത് ഫണ്ടിൽ നിന്നും തുക നല്കിയിട്ടുണ്ട്.

| നല്കിയത് | | തുക | വൗച്ചർ നം., തീയതി |
|---|---|---|---|
| ഹെഡ് മാസ്റ്റർ | സൗത്ത് ചിറ്റൂർ ജി എൽ പി സ്കൂളിനടുത്തുള്ള മരം വെട്ടിമാറ്റിയതിന് | 5000/- | 22000396/24.06.20 |
| ബാബു .ടി.ടി | മരം വെട്ടിമാറ്റിയതിന് | 5000/- | 22000540/05.08.20 |
| ഹക്കീം | ഓഫീസ് കോമ്പൗണ്ടിലെ മരം വെട്ടിമാറ്റിയതിന് | 2000/- | 22001270/25.01.21 |
| ഷൈമോൾ | വാർഡ് 14 ലെ മരം വെട്ടിമാറ്റിയതിന് | 500/- | 22001612/24.03.21 |

മുറിച്ചുമാറ്റിയ മരങ്ങൾ എന്ത് ചെയ്തുവെന്ന് അന്വേഷിച്ചുനല്കിയ എൻക്വയറിക്ക് (നം.10, 27.12.21) അപകടാവസ്ഥയിലായിരുന്നവയാണ് വെട്ടിയതെന്നാണ് അറിയിച്ചത് . മരങ്ങൾ വെട്ടുന്നതിന് ഒരു ലക്ഷം രൂപയിൽ കൂടുതൽ നല്കിയിട്ടും ഒരവസരത്തിലും ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാതിരുന്നത് തെറ്റായ സമീപനമാണ്. മരങ്ങൾ വെട്ടുന്ന അവസരങ്ങളിൽ അവ വിറകായോ തടിയായോ ലേലം ചെയ്യുന്നതിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തേണ്ടതാണ്.

## 1-22 ഡെപ്പോസിറ്റ് റീഫണ്ട് - വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല

ഓഡിറ്റ് വർഷത്തെ ഡെപ്പോസിറ്റ് റീഫണ്ടുകളിൽ താഴെ പറയുന്ന Bidders/EMD തുകകൾ റീഫണ്ട് ചെയ്തതിന്റെ വിശദാംശങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | തുക | വൗച്ചർ നം.,തീയതി (ലെഡ്ജർ പ്രകാരം) |
|---|---|---|
| 1 | 25000 /- | 22000244 / 29.05.20 |
| 2 | 2550 /- | 22000245 / 29.05.20 |

ഡെപ്പോസിറ്റ് രജിസ്റ്ററിൽ വർഷാന്ത്യസംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല . ടി അപാകതകൾക്കും ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ കാലികമാക്കാതിരിക്കുന്നതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.22 , 29.12.21) രജിസ്റ്ററിൽ ചേർക്കുവാൻ വിട്ടുപോയതാണെന്നും കാലികമാക്കാമെന്നും അറിയിച്ചു .ഡെപ്പോസിറ്റ് തുകകൾ റീഫണ്ട് ചെയ്യുമ്പോൾ അതത് സമയങ്ങളിൽ രജിസ്റ്ററിൽ ചേർത്ത് ക്ലോസ് ചെയ്യില്ലെങ്കിൽ വീണ്ടും തുക നല്കുവാൻ സാധ്യതയുണ്ട് . ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് കാലികമാക്കേണ്ടതും വർഷാന്ത്യസംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ് .

## 1-23 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - അപാകതകൾ

മരണറിപ്പോർട്ടുകൾ (2020-21) ആസ്പദമാക്കി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം പരിശോധിച്ചതിൽ ഗുണഭോക്താക്കൾ മരണപ്പെട്ടശേഷം പെൻഷൻ അക്കൗണ്ടുകൾ സസ്പെൻറ് ചെയ്യാത്തതുമൂലം നിലവിലും അക്കൗണ്ടുകൾ ആക്ടീവ് ആയി തുടരുകയും വിതരണം ചെയ്യപ്പെട്ട തുകകൾ കൈമാറാൻ സാധിക്കാത്തതായി സ്റ്റാറ്റസ് കാണിക്കുകയും ചെയ്യുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

(A) വാർദ്ധക്യകാല പെൻഷൻ ആക്ടീവ് ആയി തുടരുന്നു.

| ക്രമ നം. | ആധാർ നം. | പേര് | മരണപ്പെട്ട തീയതി | തുക | കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | 965558789490 | അബൂബക്കർ | 09.08.20 | 25500 | July 2020 – Nov 2021 | ആക്ടീവ്<br>സഹകരണ ബാങ്കിൽ നിക്ഷേപിച്ച തുക ഗുണഭോക്താവിനു കൈമാറാൻ സാധിച്ചിട്ടില്ല (DTH) |
| 2 | 633328198040 | ജേക്കബ് എൻ.ജെ. | 15.07.20 | 24200 | August 2020-Nov 2021 | ആക്ടീവ് , തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 3 | 654859408473 | ജേക്കബ് സി.വി. | 17.07.20 | 24200 | August 2020-Nov 2021 | ആക്ടീവ് , തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 4 | 567650826442 | ഷംസുദീൻ | 27.10.20 | 21500 | Oct 2020 -Nov 2021 | ആക്ടീവ്<br>സഹകരണ ബാങ്കിൽ നിക്ഷേപിച്ച തുക ഗുണഭോക്താവിനു കൈമാറാൻ സാധിച്ചിട്ടില്ല (DTH) |
| | | ആകെ | | 95400 | | |

(B) വിധവപെൻഷൻ ആക്ടീവ് ആയി തുടരുന്നു.

| ക്രമ നം. | ആധാർ നം. | പേര് | മരണപ്പെട്ട തീയതി | തുക | കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | 826476770990 | ട്രീസ | 18.03.21 | 14300 | March 2020 - Nov 2021 | ആക്ടീവ്<br>സഹകരണ ബാങ്കിൽ നിക്ഷേപിച്ച തുക ഗുണഭോക്താവിനു കൈമാറാൻ സാധിച്ചിട്ടില്ല (DTH) |

മേൽ തുകകൾ നിലവിൽ ആരുടെ കൈവശമാണെന്നതു സംബന്ധിച്ച് വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നം.9) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കൾക്ക് കൈമാറാത്ത തുകകൾ

സംബന്ധിച്ച് അന്വേഷണം നടത്തി തുടർ നടപടിവിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(C) താഴെ പറയുന്നവരുടെ ആധാർ നമ്പറുകൾ അടങ്ങിയ ഭാഗം മരണറിപ്പോർട്ടിൽ നിന്ന് വേർപടുത്തി സൂക്ഷിച്ചരിരക്കുന്നതിനാൽ പെൻഷൻ ഗുണഭോക്താക്കളാണോ എന്ന വിവരം ഓഡിറ്റിൽ പരിശോധിക്കുവാൻ സാധിച്ചില്ല. ഇവർ പെൻഷൻ ഗുണഭോക്താക്കളാണോ എന്നവിവരം പരിശോധിച്ച് തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | രജി. നം. | പേര് | മരണപ്പെട്ട തീയതി |
|---|---|---|---|
| 1 | 575/20 | ത്രേസ്യ മൈക്കിൾ | 09.10.20 |
| 2 | 240/20 | കൃഷ്ണൻകുട്ടി | 12.05.20 |
| 3 | 273/20 | ജോസഫ് വി. എം | 30.05.20 |
| 4 | 289/20 | കൗസല്യ ചക്കൻ | 31.05.20 |
| 5 | 275/20 | വിജയലക്ഷ്മി | 31.05.20 |
| 6 | 95/20 | അബ്ദുൾ ഗഫൂർ | 27.01.20 |

DBT Cell Messageപ്രകാരം, മരണപ്പെട്ട ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ എല്ലാം തന്നെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിൻെറ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് H.O Branch Account ലേക്ക് തിരികെ അടവാക്കേണ്ടതാണ്. A/c No.001101023000269, IFS Code KSBK 0000101. മേൽ സന്ദേശത്തെ തുടർന്ന് ഗ്രാമ പഞ്ചായത്ത് ഈ ഇനത്തിൽ തിരികെ അടവാക്കിയ തുകകൾ തിരിച്ചടവാക്കിയ തുക, തീയതി, അക്കൗണ്ട് നമ്പർ, UTR നമ്പർ എന്നിവയുൾപ്പെടുന്ന സ്റ്റേറ്റ്മെൻറ് ലഭ്യമാക്കേണ്ടതാണ്.

പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് എൻക്വയറിയിലൂടെ ലഭ്യമാക്കിയത്. ഗ്രാമപഞ്ചായത്തിൽ പെൻഷൻ വിതരണംനടത്തുന്ന എല്ലാ അക്കൗണ്ടുകളും ഓഡിറ്റിൽ പരിശോധിക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ മേൽ ഉദാഹരണങ്ങളിൽ സംഭവിച്ചിരിക്കുന്ന അപാകതകൾ മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കുന്ന വിധത്തിൽ കൂടുതൽ കാര്യക്ഷമതയോടെ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ട്. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെൻറ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. ആയതിനാൽ ഈ വിഷയത്തിൽ ധനകാര്യ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെയും അടിയന്തിരമായ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-24 മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | എസ് 0081 / 21 , ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 7,00,000 /- (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |
| ചെലവ് | ബിൽ നം. 01/ 20-21 , 23.02.21 |
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |

ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ ഈ പ്രൊജക്റ്റ് പ്രകാരം ഔഷധിക്ക് 7,00,000 /- രൂപ നല്കുകയുണ്ടായി . ഔഷധിയുടെ 13.10.20 ലെ പ്രൊഫോർമ ഇൻവോയ്സ് 115589 ലെ മരുന്നുകൾ താഴെ പറയുന്ന ടാക്സ് ഇൻവോയ്സുകൾ പ്രകാരം ലഭിച്ചിട്ടുണ്ട് .

1) ഇൻവോയ്സ് നം. 90201456 / 28.02.21 – 4,65,154 /-

2) ഇൻവോയ്സ് നം. 90206291 / 31.03.21 – 1,00,634 /-

3) ഇൻവോയ്സ് നം. 90214212 / 29.06.21 – 46,948 /-

4) ഇൻവോയ്സ് നം. 90223792 / 11.09.21 – 11,699 /-

ആകെ 6,24,435 /- രൂപയുടെ മരുന്ന് ലഭിച്ചതിന്റെ രേഖകൾ മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയുള്ളൂ . അവശേഷിക്കുന്ന 75,565 /- രൂപയുടെ മരുന്ന് ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.15, 27.12.21) മെഡിക്കൽ ഓഫീസർ ഇനി പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചു .ഔഷധിയിൽ നിന്നും മരുന്ന് വാങ്ങുന്നതിന് 2019-20 ലെ പ്രൊജക്റ്റ് നം. എസ് 0055 / 20 പ്രകാരം 2 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും അനുവദിച്ചതിൽ 75,565 /- രൂപയുടെ മരുന്ന് 06.02.20 ൽ മുൻകൂറായി ലഭിച്ചിരുന്നുവെങ്കിലും ഔഷധിക്ക് തുക ലഭിച്ചിട്ടില്ലായിരുന്നു .അതുകാരണം 2020-21 ൽ 75,565 /- രൂപയുടെ മരുന്ന് കുറവ് ചെയ്താണ് ഔഷധി ലഭ്യമാക്കിയത് .ടി തുക 2021-22 ൽ പ്രൊജക്റ്റ് നം . എസ് 0161/22പ്രകാരം മരുന്ന് വാങ്ങുന്നതിന് അനുവദിച്ചിട്ടുണ്ടെന്നും അറിയിച്ചു.മരുന്ന് ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് .ചെലവഴിച്ച 75,565 /- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ലാത്തതിനാൽ ടി തുക തടസ്സപ്പെടുത്തുന്നു.

## 1-25 ചെലവ് രേഖകൾ ഹാജരാക്കിയില്ല

മഴക്കാലപൂർവശുചീകരണപ്രവൃത്തികൾക്ക് വേണ്ടി ഓരോ വാർഡിനും 15,000 /- രൂപ (10,000 /- രൂപ ശുചിത്വമിഷൻ വിഹിതം , 5,000 /- രൂപ തനത് ഫണ്ട് വിഹിതം) വീതം 17 വാർഡുകളിലെ ഹെൽത്ത് & സാനിട്ടേഷൻ സമിതികൾക്ക് 2,55,000 /-രൂപ വൗച്ചർ നം. 22000101 , 04.05.20 പ്രകാരം അനുവദിച്ചിട്ടുണ്ട്. 17 വാർഡുകളിലെ സമിതി കൺവീനർമാർ തങ്ങൾക്ക് അനുവദിച്ച 15,000 /- രൂപ ശുചീകരണപ്രവൃത്തികൾക്ക് വിനിയോഗിച്ചിട്ടുണ്ടെന്ന് സാക്ഷ്യപത്രം

ഹാജരാക്കിയിട്ടുണ്ട്. ചെലവ് രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി (നം.11/27.12.21) നല്കിയിട്ടും ഹാജരാക്കുകയുണ്ടായില്ല. ടി തുക അപര്യാപ്തമാണെന്ന് 25.05.20 ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിനെത്തുടർന്ന് [നം .4(1)] ഓരോ വാർഡിനും വീണ്ടും 20,000 /- രൂപ വീതം ആകെ 3,40,000 /- രൂപ തനത് ഫണ്ടിൽ നിന്ന് അതത് സമിതികൾക്ക് നല്കിയിട്ടുണ്ട് (വൗച്ചർ നം.22000403 , 25.06.20). ടി തുകയുടെയും ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി.) നം.923/2019/LSGD തീ.02.05.2019 പ്രകാരം വാർഡൊന്നിന് 25,000/- രൂപയാണ് (ശുചിത്വ മിഷൻ-10,000/-, NHM-10,000/-, തനത് ഫണ്ട്-5,000/-) ചെലവഴിക്കാവുന്നത്, ഇവിടെ കൂടുതൽ ചെലവഴിച്ചിരിക്കുന്നു. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ മഴക്കാലപൂർവ ശുചീകരണ പ്രവൃത്തികൾക്ക് വേണ്ടി ആകെ ചെലവഴിച്ച 5,95,000 /- രൂപ (2,55,000 /- + 3,40,000 /- ) തടസ്സപ്പെടുത്തുന്നു .

## 1-26 സ്ട്രീറ്റ് ടാപ്പുകളുടെ സംയുക്തപരിശോധന – വിവരങ്ങൾ ഹാജരാക്കിയില്ല

തനത് ഫണ്ട് വൗച്ചറുകൾ പ്രകാരം 362 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 5,250/- രൂപ പ്രതിവർഷനിരക്കിൽ മാസം തോറും 1,58,375 /- രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട് . ഈ ടാപ്പുകളെല്ലാം ഉപയോഗിക്കുന്നവയാണോയെന്ന് വ്യക്തമല്ല . വാട്ടർ അതോറിറ്റിയുമായിചേർന്ന് ഏറ്റവും ഒടുവിൽ സംയുക്തപരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.20 , 28.12.21) മറുപടി ഹാജരാക്കിയില്ല . സംയുക്തപരിശോധന നടത്തി ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-27 മാലിന്യനിർമ്മാർജ്ജനം – കാര്യക്ഷമത ഉറപ്പുവരുത്തണം

പഞ്ചായത്തിൽ മാലിന്യം നീക്കം ചെയ്യതിന് തനത് ഫണ്ടിൽ നിന്ന് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട് .

| ക്രമ നം. | | തുക | വൗച്ചർ നം. ,തീയതി |
|---|---|---|---|
| 1 | വട്ടുതല പാലത്തിലെയും വിഷ്ണുപുരത്തിലെയും മാലിന്യം നീക്കം ചെയ്യതിന് മാത്യു സേവ്യറിന് നല്കിയത് | 12500/- | 22000248 , 29.05.20 |
| 2 | ബ്രഹ്മപുരം പ്ലാന്റിലേക്ക് മാലിന്യം കൊണ്ടുപോയതിന് RSP Constructions ന് നൽകിയത് | 1,08,000/- | 22000382 , 23.06.20 |
| 3 | മാലിന്യം നീക്കം ചെയ്യതിന് എൻ.ആർ .ഷാജിക്ക് നല്കിയത് | 19,400/- | 22001227 , 14.01.21 |
| 4 | മാലിന്യം നീക്കം ചെയ്യതിന് മാത്യു സേവ്യറിന് നല്കിയത് | 16,600/- | 22001276 ,25.01.21 |
| 5 | ബ്രഹ്മപുരം പ്ലാന്റിലേക്ക് മാലിന്യം കൊണ്ടുപോയതിന് വാഹനത്തിന്റെ വാടകയിനത്തിൽ മുഹമ്മദ് .വി.കെ യ്ക്ക് നല്കിയത് | 6,000/- | 22001275 , 25.01.21 |
| | | 60,000/- | 22001602 , 22.03.21 |

പഞ്ചായത്തിന് മാലിന്യം നീക്കം ചെയ്യുന്നതിന് സ്വന്തമായി ടിപ്പർ ലോറിയും (KL-7-CN-226) ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ഡ്രൈവറും 3 സാനിട്ടേഷൻ വർക്കർമാരുമുണ്ട്. ലോറിയുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 17.07.20 മുതൽ 31.03.21 വരെയുള്ള ദിവസങ്ങളിൽ എതാനം ദിവസങ്ങളൊഴികെ മാലിന്യം നിക്ഷേപിക്കുന്നതിന് ബ്രഹ്മപുരം പ്ലാന്റിലേക്ക് പോയതായി രേഖപ്പെടുത്തിയിട്ടുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിന് വാഹനവും ജീവനക്കാരുമുണ്ടായിട്ടും ഇത്തരത്തിലുള്ള ചെലവ് ചെയ്യതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.19, 28.12.21) ഗ്രാമപഞ്ചായത്ത് വക ടിപ്പർ ലോറി സർവീസിനു കയറ്റുന്ന അവസരത്തിലും ഓടാനാകാത്ത സാഹചര്യത്തിലുമാണ് പുറത്തുനിന്നും വാഹനം ഉപയോഗിച്ചിട്ടുള്ളത് എന്ന് മറുപടി നല്കി . മാലിന്യ നീക്കവുമായി ബന്ധപ്പെട്ട് ജീവനക്കാർക്കും സ്വന്തം വാഹനത്തിനുമുള്ള ചെലവിനു പുറമേ വലിയ തുക ഉപയോഗിക്കുന്നതിനാൽ ചെലവിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ് .

## 1-28 കുടിവെള്ളവിതരണം -സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

ഓഡിറ്റ് വർഷം കുടിവെള്ളം വിതരണം ചെയ്യതിന് രഞ്ജിത് ഗോപി , ബിനുമോൻ .പി.എ എന്നിവർക്ക് വാഹനങ്ങളുടെ വാടകയിനത്തിൽ തനത്ഫണ്ടിൽ നിന്നും 8,49,936 /- രൂപ താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

1) രഞ്ജിത് ഗോപി - KL 07 BK 6991 മിനി ലോറി

| ക്രമ നം. | | തുക | വൗച്ചർ നം./തീയതി |
|---|---|---|---|
| 1 | 12 ാം വാർഡിൽ 31.03.20 മുതൽ 04.04.20 വരെ 18 ട്രിപ്പുകൾ @ 900 /- | 16200/- | 22000055/08.04.20 |
| 2 | 2 ,12 വാർഡുകളിൽ 28.03.20 മുതൽ 10.04.20 വരെ 29 ട്രിപ്പുകൾ @ 600 /- | 17400/- | 22000097/30.04.20 |
| 3 | 2,3,12 വാർഡുകളിൽ 04.04.20 മുതൽ 03.05.20 വരെ 62 ട്രിപ്പുകൾ @ 600 /- | 37200/- | 22000229/26.05.20 |
| 4 | 1,2,3,12,16 വാർഡുകളിൽ 30.04.20 മുതൽ 02.05.20 വരെ 77ട്രിപ്പുകൾ @ 600 /- | 46200/- | 22000504/21.07.20 |
| 5 | 1,2,3,12 വാർഡുകളിൽ 06.07.20 മുതൽ 30.08.20 വരെ 74 ട്രിപ്പുകൾ@ 600 /- | 44400/- | 22000842/01.10.20 |
| 6 | 2,3,12 വാർഡുകളിൽ 22.08.20 മുതൽ 03.10.20 വരെ 81 ട്രിപ്പുകൾ @ 600 /- | 48600/- | 22001360/17.02.21 |
| 7 | 2,7,12 വാർഡുകളിൽ 04.10.20 മുതൽ 07.11.20 വരെ 94ട്രിപ്പുകൾ @ 600 /- | 56400/- | 22001091/02.12.20 |
| 8 | 2,3,12,17 വാർഡുകളിൽ 02.12.20 മുതൽ 21.12.20 വരെ 86 ട്രിപ്പുകൾ@ 600 /- (IT കുറച്ചത് 3018 /-) | 48582 /- | 22001360/17.02.21 |
| 9 | 2,3,12,17 വാർഡുകളിൽ സെപ്റ്റംബർ ,ഒക്ടോബർ , നവംബർ മാസങ്ങളിൽ 141 | 83754 /- | 22001361/17.02.21 |

| | | | |
|---|---|---|---|
| | ട്രിപ്പുകൾ @ 600 /- (IT കുറച്ചത് 846 /- ) | | |
| ആകെ | | 3,98,73/- | |

2) ബിനുമോൻ.പി.എ – KL13 AA 2854 മിനി ലോറി

| ക്രമ നം. | | തുക | വൗച്ചർ നം. ,തീയതി |
|---|---|---|---|
| 1 | കമ്മ്യൂണിറ്റി കിച്ചൺ- 29 ട്രിപ്പുകൾ @ 750 /- | 21750/- | 22000175/15.05.20 |
| 2 | 5,12,13 വാർഡുകളിൽ 24 ട്രിപ്പുകൾ @ 750 /- | 18000/- | 22000176/15.05.20 |
| 3 | കോവിഡ് കെയർ സെന്റർ , വിവിധ വാർഡുകളിൽ 20.04.20മുതൽ16.05.20 വരെ 131 ട്രിപ്പുകൾ @ 600 /- | 78600/- | 22000472/07.07.20 |
| 4 | കോവിഡ് കെയർ സെന്റർ – 17.05.20 മുതൽ 22.07.20 വരെ133ട്രിപ്പുകൾ @ 600 /- | 79800/- | 22000559/10.08.20 |
| 5 | കോവിഡ് കെയർ സെന്റർ – 23.07.20 മുതൽ 16.08.20 വരെ 100ട്രിപ്പുകൾ @ 600 /- | 60000/- | 22000798/25.09.20 |
| 6 | 2,4,5,6,8,10,13,14 വാർഡുകളിൽ 15.06.20 മുതൽ 30.09.20 വരെ226 ട്രിപ്പുകൾ @ 600 /-(IT കുറച്ചത് 1356 /-) | 134244/- | 22000999/05.11.20 |
| 7 | 4,5,6,8,10,11,13,14 വാർഡുകളിൽ 04.11.20മുതൽ 21.12.20വരെ 99ട്രിപ്പുകൾ @ 600 /- (IT കുറച്ചത് 594 /- ) | 58806/- | 22001362/17.02.21 |
| ആകെ | | 4,51,200/- | |

പഞ്ചായത്തിൽ കുടിവെള്ളം വിതരണം ചെയ്തതിൽ താഴെ പറയുന്ന അപാകതകളുണ്ട് .

1) കുടിവെള്ളം വിതരണം നടത്തുന്നതിന് ടെണ്ടർ ക്ഷണിക്കുകയോ കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല .

2) കിലോമീറ്റർ അടിസ്ഥാനത്തിലല്ല ജലവിതരണത്തിനുള്ള തുക നല്കിയിട്ടുള്ളത് .കുടിവെള്ളം വിതരണം ചെയ്യുന്ന വ്യക്തി ഹാജരാക്കിയ ട്രിപ്പ് ഷീറ്റിലെ ട്രിപ്പുകളുടെ അടിസ്ഥാനത്തിലാണ് തുക നല്കിയിട്ടുള്ളത് .ട്രിപ്പിന്900 /- ,750 /-, 600 /- എന്നിങ്ങനെ വ്യത്യസ്ത നിരക്കുകളിൽ തുക നല്കിയിട്ടുണ്ട് .

3) ജിപിഎസ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല .

ഈ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.17, 28.12.21) മറുപടി ഹാജരാക്കിയില്ല .

തദ്ദേശസ്വയംഭരണ(എഫ്.എം)വകുപ്പിന്റെ 27/02/2020ലെ 494/2020/ത.സ്വ.ഭവ ഉത്തരവിൽ സംസ്ഥാനദുരന്തനിവാരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 787/2017/DMD 23/02/2017പ്രകാരമുള്ള മാർഗ്ഗനിർദ്ദേശ പ്രകാരമാണ് കുടിവെള്ള വിതരണം നടത്തേണ്ടതെന്നും എല്ലാ തദ്ദേശസ്ഥാപനമേധാവികളും ഈ നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ ഖണ്ഡിക 4(g) പ്രകാരം കിലോമീറ്റർ അടിസ്ഥാനത്തിൽ, ജില്ലാതലത്തിൽ നിർണ്ണയിക്കുന്ന നിരക്ക് പ്രകാരമാണ് ജലവിതരണം നടത്തേണ്ടത്. ഇതിനേക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുവാൻ സന്നദ്ധരാകുന്നവർ ഉണ്ടെങ്കിൽ ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ് .ഖണ്ഡിക 4(g) പ്രകാരം ജിപിഎസ് ഘടിപ്പിച്ച കുടിവെള്ള ടാങ്കറിൽ മാത്രമാണ് ജലവിതരണം നടത്തേണ്ടത്. കുടിവെള്ള വിതരണത്തിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനാണ് ജി.പി.എസ് ഘടിപ്പിച്ച വാഹനത്തിൽ മാത്രം കുടിവെള്ള വിതരണം എന്ന് മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്. ജി പി എസ് റിപ്പോർട്ടും ട്രിപ്പ് ഷീറ്റും ഒത്തുനോക്കിയാണ് തുക അനുവദിക്കേണ്ടത്. കുടിവെള്ളവിതരണം സർക്കാരിന്റെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നടപ്പാക്കണമെന്ന് നിർദ്ദേശിക്കുന്നു.

## 1-29 ലൈഫ് പദ്ധതി-ഭൂമി വാങ്ങുന്നതിന് ധനസഹായം-ഭവന നിർമ്മാണം ആരംഭിച്ച വിവരം ലഭ്യമല്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 78/2021 |
| പ്രൊജക്റ്റിന്റെ പേര് | സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി(ലൈഫ്)-ഭൂമി വാങ്ങുന്നതിന് ധനസഹായം |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 1550000/-(പൊതു വിഭാഗം വികസന ഫണ്ട്)<br>1000000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | 1400000/-(പൊതു വിഭാഗം വികസന ഫണ്ട്)<br>ബിൽ നമ്പർ-170/20-21/11.01.21രൂ.400000/-<br>ബിൽ നമ്പർ-191/20-21/08.02.21രൂ.200000/-<br>ബിൽ നമ്പർ-192/20-21/08.02.21രൂ.200000/-<br>ബിൽ നമ്പർ-193/20-21/08.02.21രൂ.200000/-<br>ബിൽ നമ്പർ-204/20-21/16.02.21രൂ.200000/-<br>ബിൽ നമ്പർ-205/20-21/16.02.21രൂ.200000/- |

ലൈഫ് ഫേസ്-3ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്നവർക്ക് ഭൂമി വാങ്ങുന്നതിനായി മേൽ നമ്പർ ട്രഷറി ബില്ലുകൾ പ്രകാരം 2 ലക്ഷം രൂപ വീതം ഭൂമി നൽകിയ വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകി.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | തുക അനുവദിച്ച ഭൂവുടമയുടെ പേര് | ഭൂമി വാങ്ങിയ പഞ്ചായത്ത് |
|---|---|---|---|
| 1 | സുബ്രഹ്മണ്യൻ പി.എ. | ജമാൽ ടി.എസ് | വടക്കേക്കര ഗ്രാമപഞ്ചായത്ത് |

| | | | |
|---|---|---|---|
| 2 | നിസാമുദ്ദീൻ പി.എ. | അബ്ദുൾ ഖാദർ എം.എ. | വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് |
| 3 | ഉഷ പുരുഷോത്തമൻ | ബെന്നി ജോർജ് | ആലങ്ങാട് ഗ്രാമപഞ്ചായത്ത് |
| 4 | സഹജ ചന്ദ്രൻ | ആലീസ് ജോബ് | കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് |
| 5 | സജിൽ കുമാർ സി.ബി. | ജമാൽ ടി.എസ്. | വടക്കേക്കര ഗ്രാമപഞ്ചായത്ത് |
| 6 | കെ.കെ.രാജൻ | ജമാൽ ടി.എസ്. | വടക്കേക്കര ഗ്രാമപഞ്ചായത്ത് |
| 7 | സുധ സുഭാഷ് | അബ്ദുൾ ഖാദർ എം.എ | വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് |

ടി വ്യക്തികളെ ഭവന നിർമ്മാണത്തിനായി ലൈഫ് ഫേസ് -3 യിൽ നിന്നും ഫേസ്-2 പദ്ധതിയിലേക്ക് മാറ്റിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല.ഭൂമി വാങ്ങിയ പഞ്ചായത്തുകളുടെ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ വ്യക്തികളെ ഉൾപ്പെടുത്തി ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ/പൂർത്തീകരിച്ചിട്ടുണ്ടോയെന്ന വിവരം മേൽ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ലഭ്യമാക്കേണ്ടതാണ്.ഈ വിഷയം സംബന്ധിച്ച് നൽകിയ നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല.

## 1-30 ലൈഫ് ഫേസ്-2-ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം

| | |
|---|---|
| പ്രൊജക്ട് നമ്പർ | 114/2021 |
| പ്രൊജക്ടിന്റെ പേര് | ലൈഫ് ഘട്ടം 2-ഭവന നിർമ്മാണ പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 750000/-(പൊതു വിഭാഗം വികസന ഫണ്ട്)<br>700000/-(ബ്ളോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | 750000/-(പൊതു വിഭാഗം വികസന ഫണ്ട്)<br>ബിൽ നമ്പർ-52/20-21/21.05.20രൂ.480000/-<br>ബിൽ നമ്പർ-63/20-21/01.07.20രൂ.250000/-<br>ബിൽ നമ്പർ-171/20-21/11.01.21രൂ.20000/- |
| | 2,80,000/-(ബ്ളോക്ക് പഞ്ചായത്ത് വിഹിതം)<br>ബിൽ നമ്പർ-2/20-21/01.7.20 |

പദ്ധതിയിൽ ഉൾപ്പെടുത്തി അവസാന ഗഡു ധനസഹായമായി ട്രഷറി ബിൽ നമ്പർ- 63/20-21/01.07.20 പ്രകാരം 50000/- രൂപ അനുവദിച്ച മരിയ കെ.എ.എന്ന വ്യക്തിയുടെ ഭവന നിർമാണം പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ഓണർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമായിട്ടുണ്ടെങ്കിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. ആയതിനാൽ 50,000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-31 തൊഴിലുറപ്പ് പദ്ധതി -മെറ്റീരിയൽ വർക്കിന്റെ ബില്ലിൽ നിന്നും GST ഈടാക്കിയില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തതിന് ബില്ലിൽ നിന്നും നിയമാനുസൃതം TDS ആയി കുറവ് ചെയ്യേണ്ട GST (2,50,000 /-രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് ) കുറവ് ചെയ്യാതെ തുക അനുവദിച്ചത് കാരണം കരാറുകാരന് അധികം തുക നല്കിയിട്ടുണ്ട് .വിശദാംശങ്ങൾ താഴെ പറയുന്നു.

| പ്രവൃത്തി | കരാറുകാരൻ | മെറ്റീരിയൽസിന് നല്കിയ തുക | ഈടാക്കേണ്ട GST(2 %) |
|---|---|---|---|
| ചെറുതുരുത്തി റോഡ് ടൈൽ വിരിക്കൽ (RC 297471) | പോൾ.പി.എ | 352720 /- | 7054 /- |

GST ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (21, 28.12.21) മറുപടി ലഭ്യമാക്കിയില്ല 7054 /- രൂപ ഈടാക്കി GST വകുപ്പിൽ ഒടുക്കേണ്ടതാണ് .

## 1-32 പഴയ കമ്മ്യൂണിറ്റി ഹാൾ പൊളിച്ച് നീക്കൽ - പ്രവൃത്തി പൂർത്തിയാക്കിയില്ല.

പഞ്ചായത്തിന്റെ കീഴിലുള്ള പഴയ കമ്മ്യൂണിറ്റി ഹാൾ പൊളിച്ച് നീക്കുന്നതിന് എസ് ആർ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് ലേലം ചെയ്ത് നൽകിയിരുന്നു. ലേല തുകയായി നികുതിയുൾപ്പെടെ 4,04,215/- രൂപ ലഭിച്ചിട്ടുണ്ട് . എന്നാൽ ലേലം ചെയ്ത് നൽകിയ കമ്മ്യൂണിറ്റി ഹാളിന്റെ ഫൗണ്ടേഷൻ പൊളിച്ച് മാറ്റിയിട്ടില്ല. ഇത് കാരണം പഞ്ചായത്തിന് ഈ സ്ഥലത്ത് പുതിയ കെട്ടിടം പണിയാനും സാധിക്കാത്ത അവസ്ഥയിലാണ്. ഇത് പൊളിച്ച് മാറ്റുന്നതിന് എസ് ആർ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെ ഇത് പൊളിച്ച് മാറ്റിയിട്ടില്ല. ഇത് പൊളിച്ച് മാറ്റുന്നതിനുവേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ അപാകത

പഞ്ചായത്തിലെ ഭൂരിപക്ഷം പ്രവൃത്തികൾക്കും എസ്റ്റിമേറ്റിന്റെ പകുതിയിൽ താഴെ പ്രവൃത്തി മാത്രമാണ് ചെയ്യുന്നത്. ഇപ്രകാരം അനാവശ്യമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ കാരണം വ്യക്തമല്ല.

ചില ഉദാഹരണങ്ങൾ മാത്രം താഴെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രവൃത്തി | പനക്കൽ അച്ചുതമേനോൻ റോഡ് വാർഡ് -II |
| പ്രൊജക്ട് | 129/20-21 |

| | |
|---|---|
| എസ്റ്റിമേറ്റ് | 3,60,000/- |
| കരാറുകാരൻ | പി എ പോൾ |
| എം. ബുക്ക്. | 154/20-21 |

എസ്റ്റിമേറ്റ് പ്രകാരം 60 മീറ്റർ നീളത്തിൽ കാന പണിത് സ്ലാബിടുകയും 80 മീറ്റർ റോഡ് റിടാറിംഗ് ചെയ്യുകയും 170 മീറ്റർ റോഡ് കോൺക്രീറ്റിംഗ് ചെയ്ത് മെയിന്റനൻസ് നടത്തുകയുമാണ് പ്രവൃത്തി.

എന്നാൽ എം.ബുക്ക് പ്രകാരം 50 മീറ്റർ റോഡ് കോൺക്രീറ്റിംഗ് ചെയ്ത് മെയിന്റനൻസ് നടത്തുക മാത്രമാണ് ചെയ്തത്. ഇപ്രകാരം ഫൈനൽ ബില്ല് പ്രകാരം നൽകിയ തുക 71,764/ രൂപ മാത്രമാണ്.

2.

| | |
|---|---|
| പ്രവൃത്തി | കോറുക്കോട്ടയിലെ SC കോളനിയിലെ വീടുകളുടെ കോമ്പൗണ്ടിംഗ് സൈഡ് കെട്ടൽ |
| പ്രൊജക്ട് | 170/-21 |
| എസ്റ്റിമേറ്റ് | 4,33,500- |
| കരാറുകാരൻ | പി എ പോൾ |
| എം. ബുക്ക്. | 186/20-21 |

എസ്റ്റിമേറ്റ് പ്രകാരം 125മീറ്റർ നീളത്തിൽ കോമ്പൗണ്ടിംഗ് സൈഡ് കെട്ടൽ നടത്തുകയുമാണ് പ്രവൃത്തി.

എന്നാൽ എംബുക്ക് പ്രകാരം 43 മീറ്റർ റോഡ് നീളത്തിൽ കോമ്പൗണ്ടിംഗ് സൈഡ് കെട്ടൽ നടത്തുക മാത്രമാണ് ചെയ്തത്. ഇപ്രകാരം ഫൈനൽ ബില്ല് പ്രകാരം നൽകിയ തുക 1,06,311/-രൂപ മാത്രമാണ്.

3.

| | |
|---|---|
| പ്രവൃത്തി | വിന്നേഴ്സ് റോഡ് വാർഡ് - 10 |
| പ്രൊജക്ട് | 66/-21 |
| എസ്റ്റിമേറ്റ് | 4,00,000/- |
| കരാറുകാരൻ | E V പോളി |
| എം. ബുക്ക്. | 80/20-21 |

എസ്റ്റിമേറ്റ് പ്രകാരം 112 മീറ്റർ നീളത്തിൽ കാന പണിത് സ്ലാബിടുകയാണ് പ്രവൃത്തി. ആകെ എസ്റ്റ്മേറ്റ് തുക 4,00,000/- രൂപയാണ്

എന്നാൽ എംബുക്ക് പ്രകാരം 15.65 മീറ്റർ കാന പണിയുകയും 27 മീറ്റർ റോഡ് കോൺക്രീറ്റിംഗ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇപ്രകാരം ഫൈനൽ ബില്ല് പ്രകാരം ആകെ ചെയ്ത പ്രവൃത്തി മൂല്യം 95,491/-രൂപ മാത്രമാണ്.

4.

| | |
|---|---|
| പ്രവൃത്തി | മദർ തെരേസ സബ് റോഡ് , ഡ്രയിൻ & കവറിംഗ് സ്ലാബ് |
| പ്രൊജക്ട് | 65/-21 |
| എസ്റ്റിമേറ്റ് | 7,62,000/- |
| കരാറുകാരൻ | E V പോളി |
| എം. ബുക്ക്. | 80/20-21 |

എസ്റ്റിമേറ്റ് പ്രകാരം 110 മീറ്റർ നീളത്തിൽ കാന പണിത് സ്ലാബിടുകയും ഇതേ നീളത്തിൽ ഫുഡ് പാത്ത് കോൺക്രീറ്റിംഗ് ചെയ്യുകയും കൂടാതെ 46 മീറ്റർ നീളത്തിൽ ടൈൽ വിരിക്കുകയുമാണ് പ്രവൃത്തി. ആകെ എസ്റ്റ്മേറ്റ് തുക 7,62,000/- രൂപയാണ്. എന്നാൽ എംബുക്ക് പ്രകാരം 46 മീറ്റർ നീളത്തിൽ ടൈൽ വിരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം ഫൈനൽ ബില്ല് പ്രകാരം ആകെ ചെയ്ത പ്രവൃത്തി മൂല്യം 1,16,158/-രൂപ മാത്രമാണ്.

ഇത് കൂടാതെ മറ്റ് ധാരാളം പ്രവൃത്തികളും എസ്റ്റിമേറ്റിന്റെ പകുതി പ്രവത്തി മാത്രമേ ചെയ്തിട്ടുള്ളൂ. ഇപ്രകാരം അനാവശ്യമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

മാത്രമല്ല ഭൂരിപക്ഷം പ്രവൃത്തികൾക്കും ഒരേ എസ്റ്റമേറ്റ് തുക തന്നെയാണ്. അതായത് 3,60,000/- രൂപയാണ് പകുതിയിൽ അധികം പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തുക.

II. <u>വിവിധ ഇനത്തിലുള്ള ഒന്നിൽ കൂടുതൽ പ്രവൃത്തികൾ ഒരേ പ്രൊജക്ട് പ്രകാരം ഒരു എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ചെയ്യുന്നത് ഒഴിവാക്കേണ്ടതാണ്.</u>

| | |
|---|---|
| പ്രവൃത്തി | വിവിധ അങ്കണവാടികൾ/ സ്കൂളുകൾ/മറ്റ് ആസ്തികളുടെ മെയിന്റനൻസ്, ചുറ്റുമതിൽ സംരക്ഷണം |
| പ്രൊജക്ട് നം | 154/21 |
| എസ്റ്റിമേറ്റ് | 16,00,000/- |
| കരാറുകാരൻ | E V പോളി |
| എം. ബുക്ക്. | 253/18-19, 116,/9-20, 252/18-19, 251/18-19 |
| ആകെ പ്രവൃത്തി | 15,14,417/- |

ഈ പ്രൊജക്ട് പ്രകാരം വിവിധ അങ്കണവാടി നിർമാണം, സ്കൂളുകൾ കെട്ടിടങ്ങളുടെ കോമ്പൗണ്ടിംഗ് വാൾ, ഹോമിയോ ഡിസ്പെൻസറി മെയിന്റനൻസ്, ഇന്ദിര ഗാന്ധി മൾട്ടി പർപ്പസ് കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ് എന്നി പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ ഇനത്തിലുള്ള സ്ഥാപനങ്ങളുടെ വിവിധ പ്രവൃത്തികൾ ഒരേ എസ്റ്റിമേറ്റ് പ്രകാരം ഒരേ എം.ബുക്കിൽ കൂട്ടി കലർത്തി രേഖപ്പെടുത്തുന്നതിനാൽ ഇത് പരിശോധിക്കാനും നേരിൽ കണ്ട്

മനസിലാക്കാനും സാധ്യമല്ല. ആയതിനാൽ ഇപ്രകാരമുള്ള പ്രവൃത്തികൾ വെവ്വേറെ പ്രൊജക്ട് പ്രകാരം ചെയ്യേണ്ടതാണ്.

## 1-34 ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - നിക്ഷേപിച്ച തുക തടസ്സപ്പെടുത്തുന്നു.

(A) 2020-2021 സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് , കേരള വാട്ടർ അതോറിറ്റി, അനെർട്ട് എന്നീ സ്ഥാപനങ്ങളിൽ താഴെപ്പറയും പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ നീട്ടൽ S202/21 | 22000871 | 129811 | 0 | 1298111 |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ S141/21 | 22001708 | 899827 | 0 | 899827 |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ S132/21 | 22001798 | 200000 | 0 | 200000 |
| | ആകെ | | 1229638 | 0 | 1229638 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- വാർഡ് 2 വലിയ പറമ്പ് റോഡ് | 22001783 | 66000 | 0 | 66000 |
| | വാർഡ് 2- Fixing Of Drinking Water Pipe Line | 22001784 | 300000 | 0 | 300000 |
| | Varma Road -Refixing Of Pipe Line | 22001803 | 1000000 | 0 | 1000000 |
| | Chittoor Temple Road-Refixing Of Pipe Line | 22001804 | 1000000 | 0 | 1000000 |
| | VVK Valath Road -Refixing Of Pipe Line | 22001805 | 3300000 | 0 | 3300000 |
| | ആകെ | | 5666000 | 0 | 5666000 |
| അനർട്ട് | 20 KV സോളാർ പ്ലാന്റ് സ്ഥാപിക്കൽ | 22001365 | 2188903 | 0 | 2188903 |
| | ആകെ | | 2188903 | 0 | 2188903 |

മേൽപ്പറഞ്ഞ പ്രകാരം നിക്ഷേപിക്കപ്പെട്ട തുക ബന്ധപ്പെട്ട പ്രൊജക്ടുകൾക്കായി ചെലവഴിക്കപ്പെട്ടതായുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ആകെ നിക്ഷേപിച്ച ചെലവ് തുക 90,84,541/- (1229638 + 5666000 + 2188903) - രൂപ തടസ്സപ്പെടുത്തുന്നു.

2021-2022ൽ മേൽപ്പറഞ്ഞ പ്രൊജക്ടുകളിൽ 20 KV സോളാർ പ്ലാന്റ് സ്ഥാപിക്കൽ എന്ന പ്രൊജക്ട് ഭാഗികമായി പൂർത്തീകരിച്ചതായി കാണുന്നുണ്ട്. ഈ പദ്ധതി പ്രകാരമുള്ള തുക പൂർണ്ണമായി വിനിയോഗിച്ചതായി അനെർട്ടിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന്റെയും, പദ്ധതി ലക്ഷ്യം കൈവരിച്ചു എന്ന് മോണിറ്ററിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രവും ഓഡിറ്റിൽ ഹാജരാക്കുന്ന മുറയ്ക്ക് ഈ തുകയ്ക്കുള്ള തടസ്സം ഒഴിവാകുന്നതാണ്.

(B) മുൻവർഷങ്ങളിലും കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ താഴെപ്പറയുന്ന പ്രൊജക്ടുകൾക്കായി നിക്ഷേപിച്ച തുകയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രൊ.നം. S087/14) | 21300374 | 851608 | 17,01,266 | 342 |
| | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രൊ.നം. S109/15) | 21400667 | 850000 | | |
| | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | ചെക്ക് നം. 547091 18/06/2019 | 80718 | 0 | 80718 |
| | കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം | ചെക്ക് നം. 708817 15/11/2019 | 12083 | 0 | 12083 |
| | ആകെ | | 1794409 | 0 | 93143 |

2015-16 മുതൽ 2020-21 വരെ കെ.എസ്.ഇ.ബി.-യിൽ വിവിധ പ്രൊജക്ടുകൾക്കായി നിക്ഷേപിച്ച തുകകളിൽ 31.03.2020 വരെ ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുകയായി കാണിച്ചിരുന്നത് 342/- രൂപ മാത്രമാണ്. ഈ തുകയുടെ കൂടെ 2020-2021 ൽ കെ.എസ്.ഇ.ബി.-യിൽ നിക്ഷേപിച്ച 1229638/- രൂപ കൂടി ഉൾപ്പെടുത്തി ആകെ 12,29,980/- രൂപയാണ് 31.03.2021ൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്നതായി ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്നത്. എന്നാൽ 2019-2020 സാമ്പത്തികവർഷം തനത് ഫണ്ടിൽ നിന്ന് രണ്ട് പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.-യിൽ നിക്ഷേപിച്ച 92,801/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം കിട്ടിയിട്ടില്ലെങ്കിലും ഈ തുക ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല. ഈ അപാകത പരിഹരിക്കേണ്ടതാണ്.

## 1-35 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം

2019-2020 സാമ്പത്തികവർഷം ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡ് തലത്തിൽ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ് തല കമ്മിറ്റികൾ രൂപീകരിക്കുകയും, കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ സന്നദ്ധപ്രവർത്തകരെ പങ്കെടുപ്പിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് സെക്രട്ടറി, വാർഡ് മെമ്പർമാർ, മെഡിക്കൽ ഓഫീസർമാർ, ആരോഗ്യപ്രവർത്തകർ എന്നിവരടങ്ങുന്ന നിരീക്ഷണസമിതി എല്ലാ ആഴ്ചയും യോഗം ചേർന്ന് വാർഡ് തലസമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിരുന്നു.

പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ചേരാനല്ലൂർ യാക്കോബിയൻ ഹാളിൽ സി.എഫ്.എൽ.ടി.സി ആരംഭിച്ചു. കൂടാതെ ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ പ്രവാസികൾക്കായി കോറോണ കെയർ സെന്ററും ആരംഭിച്ചിരുന്നു. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ കുടുംബശ്രീ പ്രവർത്തകരുടെയും, ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ സമൂഹ അടുക്കളയും പ്രവർത്തിച്ചിരുന്നു.

സി.എഫ്.എൽ.ടി.സി യായി പ്രവർത്തിച്ചിരുന്ന സെന്റർ ഡോമിസിലിയറി കെയർ സെന്റർ എന്ന നിലയിൽ പ്രവർത്തനം തുടർന്നു.

ക്വാറന്റീൻ സെന്ററിന്റെ ദൈനംദിനപ്രവർത്തനങ്ങളുടെ ഭാഗമായി പ്രതിരോധസാമഗ്രികൾ, മരുന്നുകൾ എന്നിവ വാങ്ങൽ , ക്ലീനിംഗ് ചെലവുകൾ, വേസ്റ്റ് മാനേജ്മെന്റ് തുടങ്ങിയ വിവിധ ഇനങ്ങളിൽ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവ് വന്നിട്ടുണ്ട്.

| വർഷം | ക്വാറന്റീൻ സെന്റർ പ്രവർത്തിച്ചിരുന്ന സ്ഥലം | ചെലവഴിച്ച തുക | ഫണ്ടിനം |
|---|---|---|---|
| 2019-2020 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ- സാമൂഹ്യ അടുക്കള<br>26-03-2020 മുതൽ 31-03-2020 വരെ | 40,994/- | തനത് ഫണ്ട് |
| 2020-2021 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ- സാമൂഹ്യ അടുക്കള<br>01-04-2020 മുതൽ 26-08-2020 വരെ | 25,45,907/- | തനത് ഫണ്ട് |
| 2020-2021 | ചേരാനല്ലൂർ യാക്കോബിയൻ ഹാൾ-സി.എഫ്.എൽ.ടി.സി/ ഡി.സി.സി.<br>01-04-2020 മുതൽ 31-03-2021 വരെ | 23,71,875 | തനത് ഫണ്ട് |
| | ആകെ | 49,58,776 | |

കോവിഡ് വ്യാപനം രൂക്ഷമായ 2020-2021 സാമ്പത്തികവർഷമാണ് കോവിഡ് നിർവ്യാപനപ്രവർത്തനങ്ങളിൽ പഞ്ചായത്ത് കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം നടത്തിയത്.

03/2020 മുതൽ പഞ്ചായത്തിന്റെ വിവിധ വാർഡുകൾ കേന്ദ്രീകരിച്ച് സന്നദ്ധപ്രവർത്തകരെ ഉൾപ്പെടുത്തി ആരംഭിച്ച സാമൂഹ്യ അടുക്കളകൾ 08/2020 വരെ തുടർന്നിരുന്നു. ഈ സാമൂഹ്യഅടുക്കളയുടെ പ്രവർത്തനങ്ങൾ നടന്നിരുന്നത് സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരുടെ സന്നദ്ധ പ്രവർത്തനങ്ങളിലൂടെയും, വിവിധതരം പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, എന്നിവയുടെ സംഭാവനകളിലൂടെയും ആയിരുന്നു.

പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻകൂറായി കോവിഡ് നോഡൽ ഓഫീസറുടെ പേരിൽ ഫെഡറൽ ബാങ്കിലെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. മുൻകൂർ തുക ഗഡുക്കളായി നല്കുകയും ആയത് ചെലവാകുന്ന മുറയ്ക്ക് അടുത്ത ഗഡു നല്കുകയുമാണ് ചെയ്തുവന്നിരുന്നത്. ചെലവു വിവരങ്ങൾ പ്രത്യേക ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുകയും, വൗച്ചറുകൾ, ബില്ലുകൾ, രസീതുകൾ എന്നിവ ഫയൽ ചെയ്തു സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. സി.എഫ്.എൽ.ടി.സി/ ഡി.സി.സി എന്നിവിടങ്ങളിൽ പ്രവേശിക്കപ്പെട്ട നിരീക്ഷണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള രോഗികളുടെ ഹാജർ, മറ്റു വിവരങ്ങൾ എന്നിവ രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

ഡിസ്ട്രിക്ട് ഡിസാസ്റ്റർ മാനേജ് മെന്റ് അതോറിറ്റിയിൽ നിന്ന് 1,00,000/- രൂപ മാത്രമാണ് പഞ്ചായത്തിന് റീഇമ്പേഴ്സ് ചെയ്തു കിട്ടിയത്.

2020-2021 സാമ്പത്തികവർഷം പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രൊജക്ടും നടപ്പിലാക്കിയിട്ടുണ്ട്.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | നടത്തിയിരുന്ന പ്രവർത്തനത്തിന്റെ സംക്ഷിപ്തം |
|---|---|---|---|---|
| S209/21 | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ-ആംബുലൻസ് മെയിന്റനൻസ് | 1,50,000/- | 1,50,000/- | കോവിഡ് രോഗികളെ ആശുപത്രികളിലേക്ക് കൊണ്ടുപോകാനും, തിരികെ കൊണ്ടുവരാനും ഉപയോഗിച്ചിരുന്നു. |

പഞ്ചായത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വിവിധ തലത്തിലുള്ള വ്യക്തികൾ, സംഘടനകൾ എന്നിവരിൽ നിന്ന് സംഭാവനകൾ പണമായും, സാമഗ്രികളായും- പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, മരുന്നുകൾ, പ്രതിരോധസാമഗ്രികൾ എന്നിവ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്. ഫെഡറൽ ബാങ്ക്. എസ്.ബി.ഐ. എന്നീ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും, വിവിധ വ്യക്തികളിൽ നിന്നും സംഭാവനയായി കിട്ടിയിരുന്നു. ലഭ്യമായ സംഭാവനതുക മുഴുവൻ തൻവർഷങ്ങളിൽ തന്നെ ചെലവഴിച്ചിട്ടുണ്ട്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിലും, കോവിഡ് കെയർ സെന്ററിലും താല്ക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിച്ചിരുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ തസ്തിക | നിയമന തരം / കാലാവധി | വേതനം/ശമ്പളം ഇനത്തിലുള്ള ചെലവ് | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | ഡേറ്റാ എൻട്രി ഓപ്പറേറ്റർ | ദിവസ വേതനം<br>06/10/2020 മുതൽ<br>15/03/2021 വരെ | 4,82,840/- | നിലവിൽ ജീവനക്കാരുടെ സേവനം അവസാനിപ്പിച്ചു |
| 2 | ഓഫീസ് അറ്റൻഡന്റ് | | | |
| 3 | ക്ലീനിംഗ് സ്റ്റാഫ് | | | |

കോവിഡ് രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ അടിയന്തിരമായതും ഒഴിവാക്കാനാവാത്തതുമായ പ്രവർത്തനങ്ങൾക്ക് ഫണ്ട് ചെലവഴിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വിവേചനാധികാരം ഉണ്ടെങ്കിലും താല്ക്കാലിക ജീവനക്കാരുടെ വേതനം തുടങ്ങിയ ചെലവുകൾ പരിധിവിട്ട് പോകാതിരിക്കാനുള്ള ജാഗ്രത പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-36 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു

ചേരാനെല്ലൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 29 അങ്കണവാടികളിൽ 6 എണ്ണം നിലവിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. 50, 54, 56, 57, 60, 66 നമ്പർ അങ്കണവാടികളാണ് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീയറുടെ പരിശോധനയിൽ നിലവിൽ Unfit ആയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അങ്കണവാടി സെന്റർ നമ്പർ | അങ്കണവാടിയുടെ പേര് | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിന്റെ കാരണം |
|---|---|---|---|
| 1 | 50 | ഭാരതറാണി | 1978 ൽ നിർമ്മിച്ച കെട്ടിടം, ചുമരിൽ വിള്ളലുകൾ, കഴുക്കോൽ ദ്രവിച്ചതാണ്. താൽക്കാലിക False Ceiling ആണ് ഉള്ളത്. |
| 2 | 54 | മംഗലശ്ശേരി ലക്ഷം വീട് കോളനി | ഷീറ്റിട്ട ഷെഡിൽ പ്രവർത്തിക്കുന്നു. ഇലക്ട്രിസിറ്റി കണക്ഷൻ നേരിട്ട് അല്ല. ഫ്ലോർ ഗ്രൗണ്ട് ലെവലിൽ ആണ്. |
| 3 | 56 | മുണ്ടകപ്പാടം | ഷെഡിൽ പ്രവർത്തിക്കുന്നു. |
| 4 | 57 | കരിമ്പാടം | കെട്ടിടത്തിന്റെ ഒന്നാം നിലയിൽ പ്രവർത്തിക്കുന്നു. |
| 5 | 60 | പള്ളിക്കവല | റോഡ് സൈഡ് |
| 6 | 66 | ജയകേരള | അടുക്കളയിലെ ഡ്രെയിനേജ് ലീക്ക് |

മേൽപ്പറഞ്ഞവയിൽ 50-ാം നമ്പർ അങ്കണവാടി കെട്ടിടം കാലപ്പഴക്കം മൂലം വളരെ അപകടകരമായ സ്ഥിതിയിൽ ആണ് ഉള്ളതെന്ന് പരാമർശിച്ചിട്ടുണ്ട്. കെട്ടിടം മെയിന്റനൻസ് നടത്തി ഉപയോഗ യോഗ്യമാക്കാൻ സാധിക്കുമോയെന്ന് സംശയകരമാണ്. സുരക്ഷിതമല്ലാത്ത ഈ കെട്ടിടത്തിൽ അങ്കണവാടി പ്രവർത്തിക്കുന്നത് കുട്ടികളുടെയും ജീവനക്കാരുടെയും ജീവന് ഭീഷണിയാണ്. ആയതിനാൽ മറ്റൊരു കെട്ടിടത്തിലേക്ക് അങ്കണവാടി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഷീറ്റിട്ട ഷെഡിൽ പ്രവർത്തിക്കുന്ന 54, 56 നമ്പർ അങ്കണവാടികൾക്ക് കെട്ടുറപ്പുള്ള കെട്ടിടം പണിയുന്നതിന് ആവശ്യമായ ഫണ്ട് കണ്ടെത്തേണ്ടതാണ്. ഒന്നാം നിലയിൽ പ്രവൃത്തിക്കുന്ന അങ്കണവാടിയിലും റോഡ് സൈഡിൽ പ്രവൃത്തിക്കുന്ന അങ്കണവാടിയിലും കുട്ടികൾക്ക് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കേണ്ടതും അല്ലാത്ത പക്ഷം സുരക്ഷിതമായ കെട്ടിടങ്ങളിലേക്ക് അങ്കണവാടി പ്രവർത്തനം മാറ്റേണ്ടതുമാണ്. അടുക്കളയിലെ ഡ്രെയിനേജ് ലീക്ക് പോലുള്ള കാര്യങ്ങളിൽ എത്രയും വേഗം നടപടി സ്വീകരിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31055/ഡി.സി.2/2011/ത.സ്വ.ഭ.വ,തീയതി-22.03.11 നമ്പർ സർക്കുലറിലെ ഖണ്ഡിക സി(2) പ്രകാരം യാതൊരു കാരണവശാലും സുരക്ഷിതത്വം ഇല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ല. മതിയായ സുരക്ഷാ സംവിധാനം ഒരുക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. മതിയായ സുരക്ഷാ നടപടികൾ സ്വീകരിക്കാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അങ്കണവാടി മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്. അസി.എൻജിനീയറുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് 6 അങ്കണവാടികളും പൂർണ്ണമായും സുരക്ഷിതമാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

## 1-37 കൃഷി ഓഫീസറുടെ പ്രൊജക്ടുകൾ-നിർവ്വഹണത്തിലെ അപാകതകൾ

ഓഡിറ്റ് വർഷം ജൈവവളം, ജൈവകീടനാശിനി, മൺചട്ടി പോട്ടിംഗ് മിശ്രിതം നിറച്ചത് തൈ ഉൾപ്പെടെ എന്നിവ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി വാങ്ങിയതിൽ സബ്സിഡി സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ നിന്നുള്ള രസീത് ബുക്ക് മുഖേന പിരിച്ച് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. വളം ഡിപ്പോയിലും മൺചട്ടി, പോട്ടിംഗ് മിശ്രിതം എന്നിവ സപ്ലൈ ചെയ്ത സ്ഥാപനത്തിലും തുക ഗുണഭോക്താക്കൾ നേരിട്ട് അടവാക്കിയെന്നാണ് കൃഷി ഓഫീസർ അറിയിച്ചത്. എന്നാൽ ടി സ്ഥാപനങ്ങളിൽ ഗുണഭോക്താക്കൾ തുക അടവാക്കിയത് സംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. വിതരണ രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ ഒപ്പ് വാങ്ങിയിട്ടില്ല. പകരം അപേക്ഷകളിൽ നൽകിയിരിക്കുന്ന ഫോൺ നമ്പരാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം നിർവ്വഹണോദ്യോഗസ്ഥൻ തന്നെ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി സ്ഥാപനത്തിനു നല്കേണ്ടതും ആയതിന് കൃത്യമായ രേഖ സൂക്ഷിക്കേണ്ടതുമാണ്. പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർക്കു മാത്രം ആനുകൂല്യങ്ങൾ നൽകേണ്ടതും ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റു രേഖ വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

## 1-38 വി.ഇ.ഒ.യുടെ പ്രൊജക്ടുകൾ - പൊതു അപാകതകൾ

ലൈഫ് ഭവനപദ്ധതി പ്രകാരം 2020-21 വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾ വീടിന്റെ ഉടമസ്ഥാവകാശം 12 വർഷത്തേക്ക് സെക്രട്ടറിയിൽ നിക്ഷിപ്തമാക്കി കൊണ്ട് രജിസ്റ്റർ ചെയ്ത കരാറുകളിൽ ഒന്നും സെക്രട്ടറി ഒപ്പിട്ടിട്ടില്ല. ഓരോ കരാറും രജിസ്റ്റർ ചെയ്ത തീയതിയിൽ ചാർജ് വഹിച്ചിരുന്ന സെക്രട്ടറിയിൽ നിന്നും ഒപ്പു വാങ്ങി കരാറുകൾ സൂക്ഷിക്കേണ്ടതാണ്.

ഗാർഹിക ടോയ് ലെറ്റ്, സെപ്റ്റിക്ക് ടാങ്കുകൾ എന്നിവയുടെ നിർമ്മാണത്തിന് സബ്സിഡി നൽകിയിട്ടുണ്ടെങ്കിലും വിശദമായ വാല്യുവേഷൻ റിപ്പോർട്ട് എൽ.എസ്.ജി.ഡി. അസി.എൻജിനിയർ / എൻ.ആർ.ഇ.ജി.എസ്. ഓവർസിയർ ലഭ്യമാക്കിയിട്ടില്ല. ഓരോ നിർമ്മിതിയുടെയും ആകെ പ്രവൃത്തിമൂല്യം രേഖപ്പെടുത്തിക്കൊണ്ടുള്ള എ.ഇ./ഓവർസിയറുടെ ഒരു കത്ത് മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. ഭാവിയിൽ ഇത്തരം പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ അളവുകൾ രേഖപ്പെടുത്തിക്കൊണ്ടുള്ള വിശദമായ വാല്യുവേഷൻ റിപ്പോർട്ട് ലഭ്യമാക്കി തുക അനുവദിക്കേണ്ടതും വാല്യുവേഷൻ റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

## 1-39 കുടുംബശ്രീ യൂണിറ്റുകൾക്ക് തുണി സഞ്ചി നിർമ്മാണയൂണിറ്റുകൾ - പ്രൊജക്ട് ലക്ഷ്യം

കണ്ടില്ല.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് , നമ്പർ | ഉണിസഞ്ചി നിർമ്മാണം<br>S058/20 , S060/21 ( Spill Over ) |
| അടങ്കൽ തുക | 1,34,000/- (Dev. Fund Gen) |
| ചെലവ് തുക | 1,00,000/- ( Dev. Fund Gen)<br>ട്രഷറി ബിൽ നം. 11/2020-21തീയതി. 17/04/2020 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ട് ജനറൽ വിഹിതത്തിൽ നിന്ന് "കുടുംബശ്രീ യൂണിറ്റുകൾക്ക് ഉണി സഞ്ചി നിർമ്മാണയൂണിറ്റുകൾ " ആരംഭിക്കുന്നതിന് രണ്ട് തവണയായി എൽ.വി.ഇ.ഓ (മെമ്പർ സെക്രട്ടറി സി.ഡി.എസ്), ചെയർ പേഴ്സൺ ( സി.ഡി.എസ്.) എന്നിവരുടെ സംയുക്ത അക്കൗണ്ടിലേക്ക് താഴെപ്പറയുന്ന പ്രകാരം ട്രാൻസ് ഫർ ചെയ്തതായി കാണുന്നുണ്ട്.

| തുക | അക്കൗണ്ട് നമ്പർ/ അക്കൗണ്ട് ഹോൾഡർ |
|---|---|
| 45,000 | 35790201001456 SBI -<br>മെമ്പർ സെക്രട്ടറി (സി.ഡി.എസ്.) & ചെയർ പേഴ്സൺ(സി.ഡി.എസ്.) |
| 55,000 | -----”----- |
| 1,00,000 | |

20000/- രൂപ വീതം 5 യൂണിറ്റുകൾക്ക് ഉണിസഞ്ചികൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം നല്കുന്നതിനാണ് പ്രൊജക്ടിൽ ഉദ്ദേശിച്ചിരുന്നതെന്നും, എന്നാൽ രണ്ട് യൂണിറ്റുകൾക്ക് മാത്രമേ നാളിതുവരെ സഹായം നല്കുന്നതിന് കഴിഞ്ഞിട്ടുള്ളു എന്നാണ് ഫയലിൽ നിന്ന് വ്യക്തമായത്.

ഈ തുക ഏതൊക്കെ കുടുംബശ്രീ യൂണിറ്റുകൾക്കാണ് നല്കിയത് എന്നോ, ടി യൂണിറ്റുകൾ തുക കൈപ്പറ്റി ആയത് ഉണിസഞ്ചി നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാൻ ഉപയോഗിച്ചോ എന്നോ, ഇപ്പോൾ യൂണിറ്റുകൾ പ്രവർത്തനസജ്ജമാണോ എന്നോ വ്യക്തമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/26.12.2021) നല്കിയ മറുപടിയിൽ കോവിഡ് മഹാമാരി മൂലം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ കുടുംബശ്രീ യൂണിറ്റുകൾ ഒന്നും തന്നെ തയ്യാറാകാതെ വന്നതു മൂലമാണ് ഈ പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കാൻ കഴിയാതെ വന്നത് എന്നാണ് വിശദീകരിച്ചിട്ടുള്ളത്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊജക്ട് അംഗീകാരം ലഭിച്ചാൽ പദ്ധയിയിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് ഗുണഭോക്താക്കളെ/ യൂണിറ്റുകളെ തെരഞ്ഞെടുത്തതിന് ശേഷം മാത്രമേ പദ്ധതി നിർവ്വഹണത്തിലേക്ക് പ്രവേശിക്കാവൂ. ഇവിടെ തുക പിൻവലിച്ച് CDS അക്കൗണ്ടിലേക്ക് മാറ്റിയ ശേഷമാണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പോലും നടത്തിയത്. അതിനുശേഷവും 2 യൂണിറ്റുകളെ മാത്രമേ കണ്ടെത്തി സബ്സിഡി അവരുടെ അക്കൗണ്ടിലേക്ക് മാറ്റാൻ കഴിഞ്ഞുള്ളൂ. ഇത് സംബന്ധിച്ച് 2019-2020 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അമൃത് , അപർണ്ണ എന്നീ ഗ്രൂപ്പുകൾക്ക് ഉണിസഞ്ചി നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിനായി യഥാക്രമം 20,000/-, 15,000/- രൂപവീതം നല്കിയിരുന്നു. ബാക്കി തുകയിൽ 5,000/-രൂപ ആശ്രയ ഗുണഭോക്താക്കൾക്ക് ഉണിസഞ്ചി നിർമ്മാണത്തിനായി ചെലവഴിച്ചു. അപ്രകാരം ആകെ 40,000/- രൂപയാണ് ആകെ ചെലവ് വന്നത്. തുടർന്ന് ചെലവാകാതെ വന്ന 60,000/- രൂപ നിർവ്വഹണോദ്യോഗസ്ഥൻ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ച് അടച്ചു. അമൃത് യൂണിറ്റ് ജില്ലാ കുടുംബശ്രീ മിഷൻ വഴി കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന് നിർമ്മിച്ച് നല്കിയ സഞ്ചികൾക്ക് നാളിതുവരെ അതിന്റെ വില പോലും ലഭിച്ചിട്ടില്ല എന്നാണ് പഞ്ചായത്തിന്റെ മറുപടിയിൽ കാണുന്നത്.

ഈ പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച് താഴെപ്പറയുന്ന പൊതു അപാകതകൾ കാണുന്നു.
1) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊജക്ട് അംഗീകാരം ലഭിച്ചാൽ പദ്ധയിയിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് ഗുണഭോക്താക്കളെ/ യൂണിറ്റുകളെ തെരഞ്ഞെടുത്തതിന് ശേഷം മാത്രമേ പദ്ധതി നിർവ്വഹണത്തിലേക്ക് പ്രവേശിക്കാവൂ. ഇവിടെ തുക പിൻവലിച്ച് CDS അക്കൗണ്ടിലേക്ക് മാറ്റിയ ശേഷമാണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പോലും നടത്തിയത്. വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിക്കാതെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതുമൂലമാണ് പല പദ്ധതികളും ഭാഗികമായി മാത്രം പൂർത്തീകരിക്കപ്പെടുന്നത്.

2) സ്വയം തൊഴിൽ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്, ബാക്ക് എൻഡ് ലോൺ, സബ്സിഡി എന്നിവ നല്കുന്ന പ്രൊജക്ടുകളിൽ ചെയ്യാൻ ഉദ്ദേശിക്കുന്ന സംരംഭത്തിന്റെ വിജയസാദ്ധ്യത, ആ പ്രൊജക്ടുമൂലം ഉല്പാദിപ്പിക്കപ്പെടുന്ന ഉത്പന്നത്തിന്റെ വിപണനസാദ്ധ്യത എന്നിവ ശരിയായി വിലയിരുത്താത്തതു മൂലം ഇത്തരം പ്രൊജക്ടുകൾ പലപ്പോഴും ലക്ഷ്യം കാണാതെ ഉപേക്ഷിക്കപ്പെടുന്നതായും കാണുന്നു.

ആയതിനാൽ കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയം തൊഴിൽ സംരംഭം പോലെയുള്ള പ്രൊജക്ടുകൾ ആവിഷ്കരിക്കുമ്പോൾ മേൽപ്പറഞ്ഞ വസ്തുതകൾ കൂടി കണക്കിലെടുക്കേണ്ടതാണ്.

## 1-40 ആസ്തി രജിസ്റ്റർ കാലികമാക്കൽ - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ടിന്റെ പേര് , നമ്പർ | ആസ്തി രജിസ്റ്റർ കാലികമാക്കൽ<br>S0 41/21 |
| അടങ്കൽ തുക | 1,50,000/- (Dev. Fund Gen)<br>4,00,000/- (Own Fund)<br>5,50,000/- |
| ചെലവ് തുക | 1,50,000/- ( Dev. Fund Gen)<br>ട്രഷറി ബിൽ നം. 60/2020-21തീയതി. 03/03/2021 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനും, ഡിജിറ്റൈസേഷൻ ചെയ്യുന്നതിനുമായി

Centre For Economic & Environmental Studies (CSES) എന്ന അക്രഡിറ്റഡ് ഏജൻസിയുമായി പഞ്ചായത്ത് 08/01/2021ലെ തീ.നം.28 പ്രകാരം കരാർ വെച്ചിരുന്നു. പ്രസ്തുത കരാർ പ്രകാരം പ്രവൃത്തിയുടെ നിർവ്വഹണത്തിനായി മൂന്ന് ഘട്ടങ്ങളിലായി തുക നല്കാമെന്നും, ആദ്യ ഗഡുവായി അടങ്കലിന്റെ 30% -വും, രണ്ടാം ഗഡു Draft GIS- Asset Register നല്കുമ്പോഴും, അവസാനഗഡു പ്രൊജക്റ്റ് പൂർത്തിയാകുമ്പോഴും എന്നാണ് വ്യവസ്ഥ. കരാർ കാലാവധി 6 മാസമാണ്.

കരാർ നിബന്ധന പ്രകാരം ആദ്യഗഡു തുകയായി 1,50,000/- രൂപ ഏജൻസിക്ക് പഞ്ചായത്ത് നല്കിയിട്ടുണ്ട്. തുടർന്ന് എൽ.എസ്.ജി.ഡി. എൻജിനീയറുടെ കത്തിന്റെ അടിസ്ഥാനത്തിൽ 01/11/2021ൽ പഞ്ചായത്തിലെ റോഡുകളുടെ കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്ന പ്രവൃത്തി കൂടി സെസ്സിനെ ഏല്പിച്ച് കൊണ്ട് വർക്ക് ഓർഡർ നല്കിയതായി ഫയലിൽ കണ്ടു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/ 26.12.2021) പഞ്ചായത്ത് മറുപടി നല്കിയിരുന്നു. ഈ മറുപടിയുടെ കൂടി അടിസ്ഥാനത്തിൽ ഈ പ്രൊജക്റ്റിന്റെ നടത്തിപ്പ് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) Centre For Economic & Environmental Studies (CSES) എന്ന അക്രിഡിറ്റഡ് ഏജൻസിയുമായി പഞ്ചായത്ത് ഒപ്പുവെച്ച കരാറിലെ വ്യവസ്ഥകൾ പ്രകാരം 6 മാസത്തിനകം ആസ്തി രജിസ്റ്റർ കാലികമാക്കി ഡിജിറ്റൈസേഷൻ പൂർത്തീകരിക്കണമായിരുന്നു. എന്നാൽ ഓഡിറ്റ് കാലയളവ് വരെ ആസ്തി രജിസ്റ്റർ ഡിജിറ്റൈസേഷൻ പൂർത്തിയാക്കി പ്രസന്റേഷൻ നടത്താൻ സാധിച്ചിട്ടില്ല.

2) 01/11/2021ൽ പഞ്ചായത്തിലെ റോഡുകളുടെ കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്ന പ്രവൃത്തി കൂടി ഏജൻസിയെ ഏൽപ്പിച്ചു കൊണ്ട് വർക്ക് ഓർഡർ നല്കിയെങ്കിലും കരാർ പുതുക്കിയിട്ടില്ല. ഒരു വാർഡിലെ മാപ്പിംഗിന് 3000/- രൂപ പ്രകാരം 17 വാർഡിലേക്ക് 51,000/-രൂപയ്ക്കാണ് പദ്ധതി സെസ്സിനെ ഏൽപ്പിച്ചിരിക്കുന്നത്.

5,50,000/-രൂപ അടങ്കൽ വകയിരുത്തി 2019-2020 ൽ ആരംഭിച്ച മോഡേണൈസേഷൻ & ഡിജിറ്റൈസേഷൻ പ്രൊജക്റ്റ് നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല എന്നത് മാത്രമല്ല, കണക്ടിവിറ്റി മാപ്പിംഗ് കൂടി ഇതേ ഏജൻസിയെത്തന്നെ ഏല്പ്പിച്ചത് ഒരു എഗ്രിമെന്റ് പോലും വെയ്ക്കാതെയാണ് എന്നത് ഗൗരവമായ ഒരു അപാകതയായി നിരീക്ഷിക്കുന്നു.

3) ആസ്തി രജിസ്റ്ററിലെ ആസ്തികളുടെ മൂല്യനിർണ്ണയത്തിനനുസരണമായി പഞ്ചായത്തിന്റെ ബാലൻസ് ഷീറ്റിൽ ആസ്തി മൂല്യം ക്രമീകരിച്ചിട്ടില്ല. പഞ്ചായത്ത് നല്കിയ മറുപടിയിൽ നിലവിലുള്ള ഡാറ്റാ കൊണ്ട് പഴയ ആസ്തികളുടെ മൂല്യം നിർണ്ണയിക്കാൻ സാധിക്കാത്ത സാഹചര്യമാണ് എന്നാണ് വിശദീകരിക്കുന്നത്. പഴയ ആസ്തികളുടെ കൃത്യമായ ഡാറ്റാ പഞ്ചായത്തിലെ എൻജിനീയറിംഗ് വിംഗിൽ ലഭ്യമല്ല എന്നും വിശദീകരിക്കുന്നു.

ISO സർട്ടിഫിക്കേഷൻ ലഭിച്ച ഒരു പഞ്ചായത്തിൽ പഞ്ചായത്തിന് എത്ര ഫിക്സഡ് ആസ്തി ഉണ്ടെന്ന കൃത്യമായ വിവരം പോലും ലഭ്യമാക്കാൻ സാധ്യമല്ല എന്നതും, പഞ്ചായത്തിന്റെ ഭാവി പദ്ധതികൾ ആവിഷ്കരിക്കാൻ പര്യാപ്തമാകും വിധം ആസ്തി രജിസ്റ്ററിന്റെ ഡിജിറ്റൽ വേർഷനെ ആശ്രയിക്കാൻ കഴിയില്ല എന്നതും പരിഗണിക്കുമ്പോൾ 5,50,000/- രൂപ ചെലവഴിച്ച് നടത്തുവാൻ ഉദ്ദേശിക്കുന്ന ഡിജിറ്റൈസേഷൻ പ്രൊജക്റ്റിന്റെ ഫലപ്രാപ്തി എത്രത്തോളമാണെന്ന് പഞ്ചായത്ത് ഭരണസമിതി വിലയിരുത്തേണ്ടതാണ്. പഞ്ചായത്തിന്റെ ആസൂത്രണപ്രക്രിയക്ക് ഉതകും വിധം ഈ പ്രൊജക്റ്റിനെ ഉപയോഗപ്പെടുത്തുവാൻ അക്രിഡിറ്റഡ് ഏജൻസിയുമായി ബന്ധപ്പെട്ട് സമയബന്ധിതമായും, കൃത്യത ഉറപ്പുവരുത്തിയുമുള്ള ഡിജിറ്റൽ ഡാറ്റാബാങ്ക് രൂപവൽക്കരിക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-41 ഹരിത കർമ്മ സേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് - പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് , നമ്പർ | ഹരിത കർമ്മ സേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് S175/20 |
| അടങ്കൽ തുക | 2,06,000/- (Dev. Fund Gen) |
| ചെലവ് തുക | 1)38,600/- ( Dev. Fund Gen- Viability Gap Fund)<br>2) 43,120/- ( Dev. Fund Gen- Viability Gap Fund) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളുടെ പ്രാരംഭ ചെലവിനായി വികസന ഫണ്ടിൽ നിന്ന് മാലിന്യസംസ്കരണത്തിന് നീക്കിവെയ്ക്കുന്ന 10% തുകയിൽനിന്ന് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിക്കാമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ 2020-21 പദ്ധതിയിൽ ഹരിതകർമ്മസേനയ്ക്ക് വേണ്ടി 2,06,000/-രൂപ വകയിരുത്തി പ്രൊജക്റ്റ് ആവിഷ്കരിച്ചിരുന്നു. ഈ പദ്ധതിയിൽപ്പെടുത്തി താഴെപ്പറയുന്ന ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| ചെലവിനം | തുക നല്കിയത് | തുക | ട്രഷറി ബിൽ നമ്പർ |
|---|---|---|---|
| അജൈവ മാലിന്യം നീക്കം ചെയ്തതിന് | സൺറൈസ് ട്രേഡേഴ്സ് | 38,600/- | ട്രഷറി ബിൽ നം. 18/2020-21തീയതി. 14/09/2020 |
| ഹരിതകർമ്മ സേനയ്ക്ക് റസീപ്റ്റ് ബുക്ക് പ്രിന്റ് ചെയ്തത് | ബിജു പി.എസ് | 43,120/ | ട്രഷറി ബിൽ നം. 29/2020-21തീയതി. 30/10/2020 |
| | ആകെ | 81,720/- | |

1) വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഹരിത കർമ്മസേനയുടെ പ്രവർത്തനച്ചെലവുകൾ, ഹരിത സഹായ സ്ഥാപനത്തിനുള്ള ഫീസ്, പൊതു സംവിധാനം ഒരുക്കുന്നതിനുള്ള മൂലധന- ആവർത്തനച്ചെലവുകൾ എന്നിവയ്ക്കാണ് ചെലവഴിക്കാവുന്നത് എന്നാണ് ജി.ഒ (ആർ.ടി.) 1391/ 2018/ ത.സ്വ.ഭ.വ തീയതി. 19.05.2018ഉത്തരവിൽ പറയുന്നത്. ഇവിടെ പഞ്ചായത്തിൽ കളക്റ്റ് ചെയ്ത അജൈവ മാലിന്യം നീക്കം ചെയ്യുന്നതിനാണ് M/s സൺറൈസ് ട്രേഡേഴ്സ് എന്ന സ്ഥാപനം 52,000/- രൂപയുടെ ബില്ല് നല്കിയിരുന്നതിൽനിന്ന് 38,600/- രൂപ ഈ വർഷം നല്കിയത്. ഈ പ്രൊജക്റ്റ് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 06/ 26.12.2021 നല്കിയതിന് പഞ്ചായത്ത് മറുപടി നല്കിയിരുന്നു.
ഈ മറുപടിയുടെ കൂടി അടിസ്ഥാനത്തിൽ ഈ പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(A) ജി.ഒ (ആർ.ടി.) 1391/ 2018/ ത.സ്വ.ഭ.വ തീയതി. 19.05.2018എന്ന ഉത്തരവിൽ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കാം എന്ന് നിഷ്കർഷിച്ചിട്ടുള്ള ഇനങ്ങളിൽ അജൈവമാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള ചെലവിനം ഉൾപ്പെടുന്നില്ല.

(B) M/s സൺറൈസ് ട്രേഡേഴ്സ് എന്ന സ്ഥാപനത്തെ അജൈവ മാലിന്യം നീക്കം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയത് ടെൻഡർ/ ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചല്ല. ഒരു ലോഡിന് 4,000/- രൂപ നിരക്ക് നിശ്ചയിച്ച് നെഗോസിയേഷൻ

നടത്തിയാണ് ഈ സ്ഥാപനത്തെ പ്രവൃത്തി ഏല്പിച്ചത് എന്നാണ് മറുപടിയിൽ പറയുന്നത്. ഇതുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഫയലിൽ ഉണ്ടായിരുന്നില്ല.

(C) M/s സൺറൈസ് ട്രേഡേഴ്സ് എന്ന സ്ഥാപനം 52,000/- ( 13 Load @4000/-) രൂപയുടെ ബില്ല് നല്കിയിരുന്നതിൽ, 2020-21 സാമ്പത്തികവർഷം 38,600/- രൂപ മാത്രമാണ് നല്കിയത്. നല്കിയ തുകയ്ക്കുള്ള അജൈവമാലിന്യം നീക്കം ചെയ്തിട്ടുണ്ടോ എന്നുള്ളതിനും, ബാക്കി തുക നല്കാതിരുന്നതിനും വിശദീകരണം ഫയലിൽ ലഭ്യമല്ല.

(D) ഹരിത കർമ്മസേനയ്ക്ക് റസീപ്റ്റ് ബുക്ക് പ്രിന്റ് ചെയ്ത വകയിൽ നല്കിയ 43,120/ രൂപയ്ക്ക് ആധാരമായ ബില്ലുകളും, വൗച്ചറുകളും ലഭ്യമല്ല.

ജി.ഒ.( ആർ.ടി.) നം. 2420/2017/ത.സ്വ.ഭ.വ. തീയതി. 15.07.2017 സർക്കാർ ഉത്തരവിലെ ഹരിതകർമ്മസേന രൂപീകരണം സംബന്ധിച്ച മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ച് പഞ്ചായത്തിൽ ഹരിത കർമ്മസേന രൂപീകരിച്ചതായി പഞ്ചായത്തിന്റെ മറുപടിയിൽ പറയുന്നുണ്ട്. ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയെ സാങ്കേതികമായി സഹായിക്കുന്നതിനായി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ M/s പെലിക്കൺ ഫൗണ്ടേഷൻ എന്ന അക്രഡിറ്റഡ് ഏജൻസിയെ 09/12/2019ലെ കരാർ പ്രകാരം നിയോഗിച്ചിരുന്നു.M/s പെലിക്കൺ ഫൗണ്ടേഷന് 12/2019മുതൽ 12/2020 വരെ 20-21 സാമ്പത്തിക വർഷം തനത് ഫണ്ടിൽ നിന്ന് 2,33,403/- രൂപയും, പൊതു വിഭാഗം വികസന ഫണ്ടിൽ നിന്ന് 43,294/- രൂപയും ഉൾപ്പെടെ 2,76,697/- രൂപ കൺസൾട്ടേഷൻ ഫീസ് ഇനത്തിൽ നല്കിയിട്ടുമുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, കണക്കുകൾ കൈകാര്യം ചെയ്യുന്നതിനുമായി ഈ ഏജൻസി നിയമിച്ച ജീവനക്കാരന്റെ വേതനച്ചെലവും ഇതിലുൾപ്പെടുന്നു.

ഈ സാഹചര്യത്തിൽ മറ്റൊരു സ്വകാര്യ ഏജൻസിയെ ടെൻഡർ നടപടിക്രമങ്ങൾ പോലും പാലിക്കാതെ അജൈവ മാലിന്യ നിർമ്മാർജ്ജനത്തിന് ചുമതലപ്പെടുത്തി തുക നല്കിയത് ഒഴിവാക്കാമായിരുന്ന ഒരു ചെലവായിരുന്നു. കൂടാതെ വയബിലിറ്റ് ഗ്യാപ്പ് ഫണ്ട് അതിന് നിർദ്ദേശിച്ചിട്ടുള്ള ചെലവിനങ്ങൾക്കല്ലാതെ ഉപയോഗിച്ചതും ക്രമവിരുദ്ധമാണ്.

മാലിന്യ നിർമ്മാർജ്ജനം എന്നത് പഞ്ചായത്തിന്റെ ഒഴിവാക്കാനാവാത്ത ചുമതലയിൽപ്പെട്ടതാണെങ്കിലും, ഇതിനായി നിലവിലുള്ള നിയമങ്ങളും, ചട്ടങ്ങളും, സർക്കാർ ഉത്തരവുകളും പാലിക്കുന്നതിൽ വീഴ്ച വരുത്താൻ പാടില്ല എന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-42 പദ്ധതി നിർവ്വഹണം - ചെലവു രേഖകൾ ഹാജരാക്കിയില്ല- മോണിറ്ററിംഗ് ഫലപ്രദമല്ല.

I. ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങി നല്കൽ

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് , നമ്പർ | ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ S090/21 |
| അടങ്കൽ തുക | 4,86,000/- ( Own Fund ) |
| ചെലവ് തുക | 4,86,000/- ( Own Fund ) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് നടപ്പാക്കിയ പ്രൊജക്റ്റ് പ്രകാരം Gem വഴി പർച്ചേയ്സ് നടത്തിയിരുന്നു.

| ബിൽ നം. തീയതി | ബിൽ തുക | വാങ്ങിയ സാമഗ്രികൾ | നല്കിയ തുക/ ബിൽ നമ്പർ- തീയതി |
|---|---|---|---|
| KMR/20-21/196 20.07.2020 | 14000 | Projector Screen, Tripode | 43448/- 85/ 17.08.2020 |
| KMR/20-21/195 20.07.2020 | 29448 | Printer | |
| - | 5000 | HDMI Connector | 5000/- 86/ 17.08.2020 |
| KMR/20-21/197 20.07.2020 | 18089 | Epson Printer | 125972/- 84/17.08.2020 |
| KMR/20-21/211 26.07.2020 | 107883 | 6 Printers | |
| UI 2021004 08.08.2020 | 315200 | 8 Desk Top Computers | 315148/- 88/ 26.08.2020 |
| 2020-21/ PKD/1173 | 44880 | Canon Multi Function Printer | 44,880/- 83/ 17.08.2020 |
| Total | 534500 | | 534448/- |

1) വിവിധ ബില്ലുകൾ മുഖാന്തിരം വാങ്ങിയ സാമഗ്രികൾ ഏതൊക്കെ സ്ഥാപനങ്ങൾക്ക് നല്കി എന്നതിനുള്ള രേഖകൾ ഫയലിൽ ഇല്ല. സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കിയിട്ടില്ല.

2) ഘടകസ്ഥാപനങ്ങൾ സാമഗ്രികൾ കൈപ്പറ്റിയതിനുള്ള രസീതുകൾ ഫയലിൽ ഇല്ല.

3) മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 28/ 28.12.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആകെ ചെലവ് ചെയ്ത 5,34,448/- രൂപ തടസ്സപ്പെടുത്തുന്നു

II. ബയോഗ്യസ് പ്ലാന്റ് പുനരുദ്ധാരണം

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് , നമ്പർ | ബയോഗ്യസ് പ്ലാന്റ് പുനരുദ്ധാരണം S174/21 |
| അടങ്കൽ തുക | 6,40,000/- ( CFC ) |
| ചെലവ് തുക | 6,30,000/- (CFC) (Bill No.56/20-21 27/03/2021) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ചേരാനല്ലൂർ ഗ്രാമ പഞ്ചായത്തിലെ വിഷ്ണുപുരം മാർക്കറ്റിന് സമീപമുള്ള ബയോഗ്യാസ് പ്ലാൻറ് പുനരുദ്ധാരണം എന്ന പദ്ധതിക്കുവേണ്ടി ക്വട്ടേഷൻ ക്ഷണിക്കുകയും, M/s എമറാൾഡ് എന്റർപ്രൈസേഴ്സ് (പ്രൈ.) ലിമിറ്റഡ് എന്ന സ്ഥാപനം നല്കിയ ക്വട്ടേഷൻ 25/02/2021 ലെ 1(4) തീരുമാനപ്രകാരം അംഗീകരിച്ച് പ്രസ്തുത സ്ഥാപനത്തിന് വർക്ക് ഓർഡർ നല്കി. 26/02/2021ൽ മേൽസ്ഥാപനം പഞ്ചായത്തുമായി എഗ്രിമെന്റ് വെയ്ക്കുകയും, 24/03/2021 ലെ റിക്വസിഷൻ പ്രകാരം

ടിസ്ഥാപനത്തിന്റെ ബില്ല് പരിഗണിച്ച് 6,30,000/- രൂപ നല്കുകയും ചെയ്തിട്ടുണ്ട്.

ഈ പ്രൊജക്ട് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പുനരുദ്ധാരണം നടത്തിയ ബയോഗ്യാസ് പ്ലാന്റിന് എന്തു തരത്തിലുള്ള അറ്റകുറ്റപ്പണികളാണ് ആവശ്യം എന്നതിന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഇല്ല.

2) പ്രവൃത്തി ഏറ്റെടുത്ത് നടത്തിയഏജൻസി ഏതു തരം പ്രവൃത്തികൾ ചെയ്തുവെന്നും, ആയതിന്റെ മെഷർമെന്റോ, വാല്യുവേഷനോ സമർപ്പിച്ചതായി കാണുന്നില്ല.
3) ഏജൻസി പണി പൂർത്തിയായതായി കാണിച്ചുകൊണ്ട് സമർപ്പിച്ച ഒരു കത്തിന്റെ അടിസ്ഥാനത്തിലാണ് കരാർ തുകയായ 6,30,000/- രൂപ (TDS കിഴിച്ചതിന് ശേഷം) ഏജൻസിക്ക് നല്കിയിരിക്കുന്നത്.

മേൽപ്പറഞ്ഞ പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ പൊതുവായി മോണിറ്ററിംഗിന്റെ അഭാവം വ്യക്തമാകുന്നു. പ്രൊജക്ടുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ, ബില്ലുകൾ എന്നിവ ഫയലിൽ സൂക്ഷിക്കുന്നതിൽ ഗൗരവമർഹിക്കുന്ന അലംഭാവം വ്യക്തമാണ്. പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനോടൊപ്പം അതിന്റെ യഥാർത്ഥ ഗുണഫലം ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാനുള്ള ബാദ്ധ്യത മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾക്കും, ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾക്കും ഉണ്ട് എന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 റദ്ദ് ചെയ്യപ്പെട്ട രസീതുകൾ പ്രകാരം വസ്തുനികുതി അടവാക്കിതായി രേഖപ്പെടുത്തിയിരിക്കുന്നു.

താഴെ പറയുന്ന സാംഖ്യ രസീതുകൾ, ക്യാൻസൽഡ് റിപ്പോർട്ട് പ്രകാരം റദ്ദ് ചെയ്യപ്പെട്ടതാണ്. എന്നാൽ സഞ്ചയയിൽ ഈ രസീതുകൾ നിലനിൽക്കുകയും ഇവ പ്രകാരം വസ്തുനികുതി അടവാക്കിയതായി രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ടി തുകകൾ പഞ്ചായത്ത് ഫണ്ടിൽ ലഭ്യമായിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | രസീത് നം., തീയതി | കെട്ടിട നം. ഉടമയുടെ പേര് | തുക | നികുതി കാലയളവ് |
|---|---|---|---|---|
| 1 | 120190103097/22.02.2021 | 3/225 , വി. എം സീതി | 9461 | 2020 I & II Half |
| 2 | 120190100017/20.04.20 | 1/277/A, ഫിലോമിന | 967 | 2020 I & II Half |
| 3 | 120190100018/20.04.20 | 1/277/A, ഫിലോമിന | 967 | 2020 I & II Half |
| | ആകെ | | 11395 | |

ടി തുകകൾ 11395/- രൂപ കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അന്നേദിവസം രസീത് കളക്ഷൻ നടത്തിയവരിൽ നിന്നും വിശദീകരണം ലഭ്യമാക്കി തുടർനടപടി സ്വീകരിക്കേണ്ടതാണ്. മേൽ അപാകതയുടെ ഗൗരവം ബോധ്യപ്പെടുത്തി ആവർത്തനം ഒഴിവാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി ടി തുകകൾ കുടിശ്ശികയായി നിലനിർത്താത്തതിനാൽ പരിഗണിക്കുന്നതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| സാമ്പത്തിക വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 22.12.2021 മുതൽ 30.12.2021 | 2020-2021 വാർഷികഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയത്. |

അപാകതകൾ ഖണ്ഡിക 1-2 ൽ ചേർത്തിട്ടുണ്ട്.

### 4-2 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകളുടെ വിവരം 2020-2021

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | 2020-21 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1155000 | ലൈഫ് ഭവന പദ്ധതി-ജനറൽ | 1155000 | 0 |
| | 2020-21 | 46500 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം | 46500 | 0 |

| | | | | | |
|---|---|---|---|---|---|
| | ആകെ | 12,01,500 | | 12,01,500 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1561519 | ലൈഫ് ഭവന പദ്ധതി-ജനറൽ | 1561519 | 0 |
| | ആകെ | 1561519 | | 1561519 | 0 |

മുൻവർഷങ്ങളിൽ ജില്ലാ -ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച സംയുക്ത പ്രൊജക്ടുകൾക്കുവേണ്ടി ലഭിച്ച ഫണ്ട് പഞ്ചായത്തിന്റെ ജോയിന്റ് വെൻചർ അക്കൗണ്ടിൽ 01.04.2020ൽ മുന്നിരിപ്പായുണ്ടായിരുന്നു. അതിൽ നിന്ന് ചെലവഴിച്ച തുക കഴിച്ച് 31.03.2021ൽ ബാക്കി നിൽക്കുന്ന തുകയുടെ വിവരം താഴെപ്പറയുന്നു.

| | | 2020-21 വരവ് | | | | ചെലവ് | | | | നീക്കിയിരുപ്പ് | |
|---|---|---|---|---|---|---|---|---|---|---|---|
| | മുൻവർഷങ്ങളിലെ മുന്നിരുപ്പ് | RP-31 | RP-7 | ആകെ വരവ് | ആകെ വരവ് ( OB+ RTS) | TSB A/C ൽ നിന്ന് ചെലവഴിച്ചത് | നേരിട്ട് ചെലവഴിച്ചത് RP-7 | ആകെ ചെലവ് | ആകെ ചെലവ് | അക്കൗണ്ടിൽ നിന്ന് ചെലവഴിച്ചതിൽ ബാക്കി B4 ഷെഡ്യൂൾ പ്രകാരം | നേരിട്ട് ചെലവഴിച്ചത് ബാക്കി |
| ബ്ലോക്ക് പഞ്ചായത്ത് (Capital) | 1037434 | 0 | 0 | 0 | 1037434 | 0 | 0 | 0 | 0 | 1037434 | 0 |
| ബ്ലോക്ക് പഞ്ചായത്ത് (Revenue) | 555204 | 46500 | 1155000 | 1201500 | 1756704 | 122840 | 1155000 | 1277840 | 1277840 | 478864 | |
| ജില്ലാ പഞ്ചായത്ത് (Capital) | 59125 | 0 | 1561519 | 1561519 | 1620644 | 59125 | 1561519 | 1620644 | 1620644 | 0 | 0 |

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഫ്ലാറ്റ് നിർമ്മാണത്തിനായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം നാളിതു വരെ ചെലവഴിക്കപ്പെടാതെ ട്രഷറി ജോയിന്റ് വെൻചർ അക്കൗണ്ടിൽ നീക്കിയിരുപ്പായി കാണുന്നു.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെപ്പറയും പ്രകാരം വിവിധ പ്രൊജക്ടുകൾക്കായി മുൻകൂർ തുക നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ നീട്ടൽ - S202/21 | 22000871 | 129811 | 0 | 1298111 |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ - S141/21 | 22001708 | 899827 | 0 | 899827 |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ - S132/21 | 22001798 | 200000 | 0 | 200000 |
| | ആകെ | | 1229638 | 0 | 1229638 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- വാർഡ് 2 വലിയ പറമ്പ് റോഡ് | 22001783 | 66000 | 0 | 66000 |
| | വാർഡ് 2- Fixing Of Drinking Water Pipe Line | 22001784 | 300000 | 0 | 300000 |
| | Varma Road -Refixing Of Pipe Line | 22001803 | 1000000 | 0 | 1000000 |
| | Chittoor Temple Road-Refixing Of Pipe Line | 22001804 | 1000000 | 0 | 1000000 |
| | VVK Valath Road -Refixing Of Pipe Line | 22001805 | 3300000 | 0 | 3300000 |
| | ആകെ | | 5666000 | 0 | 5666000 |
| അനർട്ട് | 20 KV സോളാർ പ്ലാന്റ് സ്ഥാപിക്കൽ | 22001365 | 2188903 | 0 | 2188903 |
| | ആകെ | | 2188903 | 0 | 2188903 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു .

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നം.,തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ |
|---|---|---|---|---|---|

| | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| HUDCO ലൈഫ് ഭവനപദ്ധതി | സ.ഉ (സാധാ.) 124/18 , ത.സ്വ.ഭ.വ11.09.2018 | 991598 | 815127 | 351529 | | 463598 |

പൊതുവിഭാഗം വികസന ഫണ്ട്, പ്രത്യേക ഘടകപദ്ധതി വിഹിതം എന്നിവയുടെ സ്രോതസ്സിൽ നിന്നാണ് വായ്പ തിരിച്ചടവ് തുക കുറയ്ക്കുന്നത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ചേരാനെല്ലൂർ സർവീസ് സഹകരണ ബാങ്കിലെ തനത് ഫണ്ട് സേവിംഗ്സ് അക്കൗണ്ടിൽ നിന്നും 04.11.2020 ൽ ചെക്ക് നം. 009655 പ്രകാരം 1,00,00,000 /- പിൻവലിച്ച് സ്ഥിരനിക്ഷേപം ആരംഭിച്ചു (അക്കൗണ്ട് നം. 009655 ).

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | 1,00,00,000 /- |
| പലിശ ലഭിച്ചത് | 0 |
| ആകെ | 1,00,00,000 /- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,00,00,000 /- |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 23,372 /- രൂപയുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ വിവരം | രസീത് നം., തീയതി |
|---|---|---|---|---|
| 2018-19 | 2-2(1) | 8800 /- | സീതി , വലിയവീട്ടിൽ | 120190500038/16.09.20 |
| 2018-19 | 2-2(2) | 8800 /- | സീതി , വലിയവീട്ടിൽ | 120190500039/16.09.20 |
| 2012-13 | 2-1 (സി) | 2400 /- | മിറാജ് ഭാസ്കർ, ജിജി ജോസി | 1201901025249/02.02.21 |
| 2008-09, 2010-11, 2011-12 | 3-3 | 436 /- | സ്റ്റെൻസിലാവോസ് | 120191100520/12.11.20 |
| | | 436 /- | സുരേഷ് ബാബു.കെ.കെ | 120191100518 /12.11.20 |
| 2012-13 | 2-1(ബി) | 2500 /- | രാജു.എ.എ , അഴിക്കകത്ത് , സൗത്ത് ചിറ്റൂർ | 120190103160/23.02.21 |
| ആകെ | | 23372 /- | | |

## 4-8 ചാർജ് - സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 5 | 2003-04 | 3.7.10.1 | തെരുവ് വിളക്കുകൾ വാങ്ങിയതിൽ സംഭവിച്ച നഷ്ടം | ഉത്തരവാദിയായ എൽസമ്മ കൊയലോയുടെ DCRG യിൽ നിന്നും ഈടാക്കിയ 54,511/- പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ഈടാക്കണമെന്ന് കാണിച്ച് പലതവണ ട്രഷറിയിൽ കത്ത് നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ അതിൻമേൽ ഒരു നടപടിയും ഉണ്ടായിട്ടില്ല. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,29,46,516 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,43,88,044 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 11,395 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,03,39,554 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 11,395/- | - | മല്ലിക വി.ആർ., സെക്രട്ടറി,(റിട്ട.) ഗ്രാമപഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 75,565 | ഡോ. സൗമ്യ രമേഷ് ,മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| 1-25 | 5,95,000 | ഡോ. ജിനു ആനി ജോസ് , മെഡിക്കൽ ഓഫീസർ (എഫ് .എച്ച്. സി.) |
| 1-30 | 50,000 | ശ്രീ സാദിഖ് എ., വി.ഇ.ഒ., ചേരാനല്ലൂർ സർക്കിൾ |
| 1-35 | 90,84,541 | ശ്രീമതി. മല്ലിക വി.ആർ., സെക്രട്ടറി (റിട്ട.), ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-42(I) | 5,34,448 | ശ്രീമതി. മല്ലിക വി.ആർ., സെക്രട്ടറി (റിട്ട.), ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് |
| ആകെ | 1,03,39,554 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 7054 | ശ്രീമതി. മല്ലിക വി.ആർ., സെക്രട്ടറി (റിട്ട.), ഗ്രാമപഞ്ചായത്ത് |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന വ്യക്തമായ നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. മല്ലിക വി.ആർ.<br>സെക്രട്ടറി (റിട്ട.), ഗ്രാമപഞ്ചായത്ത് | റിട്ടയേർഡ് സെക്രട്ടറി<br>ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് | സൗഗന്ധികം<br>ചേരാനല്ലൂർ<br>ഇടപ്പള്ളി, പിൻകോഡ്- 682034 |

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തര വാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. മല്ലിക വി.ആർ.<br>സെക്രട്ടറി (റിട്ട.), ഗ്രാമപഞ്ചായത്ത് | റിട്ടയേർഡ് സെക്രട്ടറി<br>ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് | സൗഗന്ധികം<br>ചേരാനല്ലൂർ<br>ഇടപ്പള്ളി, പിൻകോഡ്- 682034 |
| ഡോ. ജിനു ആനി ജോസ് , മെഡിക്കൽ ഓഫീസർ<br>(എഫ് .എച്ച്. സി.) | മെഡിക്കൽ ഓഫീസർ<br>(എഫ് .എച്ച്. സി.) | കണിയാംപറമ്പിൽ (H)<br>തോപ്പിൽ, തൃക്കാക്കര<br>പിൻകോഡ്- 682021 |
| ഡോ. സൗമ്യ രമേഷ്<br>മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | മെഡിക്കൽ ഓഫീസർ<br>(ആയുർവ്വേദം) | യമുന,<br>എസ്.ആർ.എം.റോഡ്<br>പച്ചാളം പി.ഒ.<br>കൊച്ചി- 12 |
| ശ്രീ സാദിഖ് എ., വി.ഇ.ഒ., ചേരാനല്ലൂർ സർക്കിൾ | വി.ഇ.ഒ. | ഷാൻഗ്രില<br>ചന്തിരൂർ (പി.ഒ.)<br>ആലപ്പുഴ |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | |
|---|---|
| 2012-13 | എൽ.എഫ്.ഇ.(പി.10)484/14 തീയതി. 20.05.2014 |
| 2013-14 | എൽ.എഫ്.ഇ.(പി.10)1525/2015 തീയതി.10.09.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി10)881/2016 തീ. 07.06.2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം.(പി.10)2016/16 തീ.13-12-2016 |
| 2016-17 | കെ.എസ് എ ഇ കെ.എം (പി10)1861/17/ 20.07-2017 |
| 2017-18 | കെ.എസ് എ ഇ കെ.എം (പി10)2198/18/ 06.02-2019 |

| | |
|---|---|
| 2018-19 | കെ.എസ് എ ഇ കെ.എം (പി10)1691/19/ 07.11-2019 |
| 2019-20 | കെ.എസ് എ ഇ കെ.എം (പി10)519/2021/31.03.21 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്